2025 FEBRUARY
24
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




# 5000 കോടിയുടെ വമ്പൻ പദ്ധതികൾ പ്രഖ്യാപിച്ച് ലുലു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ആഗോള നിക്ഷേപ സംഗമത്തിൽ 5000 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ച് ലുലു ഗ്രൂപ്പ്. ഐടി, റീട്ടെയിൽ, ഫിനാൻസ് മേഖലയിൽ അടുത്ത നാല് വർഷത്തിനുള്ളിൽ കൂടുതൽ നിക്ഷേപം നടത്താനാണ് തീരുമാനം. മാളുകളും, ഹൈപ്പർമാർക്കറ്റ് കൺവെൻഷൻ സെൻററുകളും ഉൾപ്പടെ കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള ലുലു ,കൂടുതൽ മേഖലകളിലേക്ക് നിക്ഷേപം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.. കളമശ്ശേരിയിൽ ലുലുവിന്റെ ഭക്ഷ്യ സംസ്കരണ യൂണിറ്റ് ഈ വർഷം ആരംഭിക്കും.

ഐ ടി ടവറുകൾ മൂന്ന് മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കും. ഐ ടി ഫിനാൻസ് എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങൾ ഗ്ലോബൽ സിറ്റിയുടെ ഭാഗമായി നടക്കും.

പെരിന്തൽമണ്ണ, കാസർഗോഡ്, തൃശൂർ, തിരൂർ കണ്ണൂർ എന്നിവിടങ്ങളിൽ ലുലുവിന്റെ ചെറുമാളുകളും ഹൈപ്പർമാർക്കറ്റുകളും നിർമിക്കും. കളമശ്ശേരിയിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതോടെ കൊച്ചിയിൽ നിന്നുള്ള ഭക്ഷ്യ കയറ്റുമതി വേഗത്തിലാകും.

പച്ചക്കറികൾ, പഴവർഗങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കോൾഡ് സ്റ്റോറേജുകൾ ഉൾപ്പടെയുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റ് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കും. പുതിയ പദ്ധതികൾ വഴി 15000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും നാടിന്റെ സമഗ്രവികസനത്തിന് കരുത്തേകുമെന്നും ലുലു ഗ്രൂപ്പ് ഇൻറർ നാഷണൽ എക്യൂട്ടീവ് ഡയറക്ടർ എം.എ അഷറഫ് അലി വ്യക്തമാക്കി.

ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ വ്യവസായ മന്ത്രി പി.രാജീവിൻറെ സാന്നിധ്യത്തിൽ ലുലു ഗ്രൂപ്പ് എക്സിക്യൂട്ടിവ് ഡയറക്ടർ എം.എ അഷറഫ് അലി ഒപ്പുവച്ചു.

ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഇ.ഒ ആൻറ് ഡയറക്ടർ എം.എ നിഷാദ്, ലുലു ഗ്രൂപ്പ് ഡയറക്ടർ ഫഹാസ് അഷറഫ്, ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ രജിത്ത് രാധാകൃഷ്ണൻ, റീജണൽ ഡയറക്ടർ സാദിഖ് ഖാസിം തുടങ്ങിയവർ പങ്കെടുത്തു.




# ചാംപ്യൻസ് ട്രോഫി; കോഹ്‌ലിക്ക് സെഞ്ചുറി, ഇന്ത്യ സെമിയിൽ

**ദുബായ്:** ഐസിസി ചാംപ്യൻസ് ട്രോഫി ഗ്രൂപ്പ് മത്സരത്തിൽ പാക്കിസ്ഥാനെ ആറ് വിക്കറ്റിനു കീഴടക്കിയ ഇന്ത്യ സെമി ഫൈനലിൽ ഇടമുറപ്പിച്ചു. പാക്കിസ്ഥാൻ ഇന്ത്യക്കെതിരേ 49.4 ഓവറിൽ 241 റൺസിന് ഓൾഔട്ടായി. ഇന്ത്യ 42.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം നേടി. വിരാട് കോഹ്‌ലി 100 റൺസെടുത്ത് പുറത്താകാതെ നിന്നു. ടൂർണമെൻറിൽ രണ്ടാമത്തെ തോൽവി ഏറ്റുവാങ്ങിയ ആതിഥേയരായ പാക്കിസ്ഥാൻ പുറത്താകലിൻറെ വക്കിലാണ്.

242 റൺസ് വിജയലക്ഷ്യം മുന്നിൽക്കണ്ടിറങ്ങിയ ഇന്ത്യക്ക് കാര്യങ്ങൾ തുടക്കത്തിൽ അത്ര എളുപ്പമായിരുന്നില്ല. ദുബായിലെ വേഗം കുറഞ്ഞ വിക്കറ്റിൽ പാക് പേസ് ബൗളർമാർ മികച്ച ലൈനും ലെങ്തും കണ്ടെത്തി. രോഹിത് ശർമയും ശുഭ്മൻ ഗില്ലും ആക്രമണോത്സുകമായി തന്നെ കളിച്ചെങ്കിലും, 15 പന്തിൽ മൂന്ന് ഫോറും ഒരു സിക്സും സഹിതം 20 റൺസെടുത്ത രോഹിത് ശർമയുടെ വിക്കറ്റ് വീണത് ഇന്ത്യക്ക് തിരിച്ചടിയായി. ഷഹീൻ ഷാ അഫ്രീദിയുടെ പന്തിൽ ക്ലീൻ ബൗൾഡാകുകയായിരുന്നു ഇന്ത്യൻ ക്യാപ്റ്റൻ. ഇന്ത്യൻ സ്കോർ ആ സമയത്ത് അഞ്ചോവറിൽ 31 റൺസ് മാത്രം.

52 പന്തിൽ ഏഴ് ഫോർ ഉൾപ്പെടെ 46 റൺസെടുത്ത ശുഭ്മൻ ഗില്ലിനെ അബ്രാർ അഹമ്മദ് ക്ലീൻ ബൗൾ ചെയ്യുമ്പോൾ ഇന്ത്യൻ സ്കോർ 100 എത്തിയിരുന്നു. പിന്നീട് കോഹ്‌ലിക്കൊപ്പം ടീമിൻറെ ജയം ഉറപ്പാക്കിയ ശേഷമാണ് ശ്രേയസിൻറെ (67 പന്തിൽ 56) വിക്കറ്റ് വീഴുന്നത്. പിന്നാലെ ഹാർദിക് പാണ്ഡ്യയെയും (6) നഷ്ടമായി. എന്നാൽ, കൂടുതൽ നഷ്ടമില്ലാതെ കോലിയും അക്ഷർ പട്ടേലും (3) ചേർന്ന് ജയം ഉറപ്പിക്കുകയായിരുന്നു.

111 പന്തിൽ ഏഴ് ബൗണ്ടറി ഉൾപ്പെട്ടതാണ് കോഹ്‌ലിയുടെ 51ാം ഏകദിന സെഞ്ചുറി. ഇന്ത്യക്ക് ജയിക്കാൻ രണ്ട് റൺ മാത്രം മതിയെന്ന സ്ഥിതിയിൽ കോഹ്‌ലിയുടെ സ്കോർ 96 റൺസായിരുന്നു. അവിടെ വച്ച് ഖുഷ്ദിൽ ഷായ്ക്കെതിരേ സ്റ്റെപ്പൗട്ട് ചെയ്ത് എക്സ്ട്രാ കവർ ബൗണ്ടറിയിലൂടെ നേടിയ ഫോറിലൂടെ കോഹ്‌ലി തന്റെ സെഞ്ചുറിയും ടീമിന്റെ വിജയവും പൂർത്തിയാക്കുകയായിരുന്നു.

# കേന്ദ്രത്തിന് അദാനി ഗ്രൂപ്പിന്റെ നികുതിയായി 58,104 കോടി രൂപ; രാജ്യത്ത് ഏറ്റവും മുൻനിരയിൽ

**കൊച്ചി:** ശതകോടീശ്വരൻ ഗൗതം അദാനി നയിക്കുന്ന അദാനി ഗ്രൂപ്പിനു കീഴിലെ കമ്പനികൾ സംയോജിതമായി 2023–24 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന് നികുതിയായി അടച്ചത് 58,104.4 കോടി രൂപ. തൊട്ടുമുൻവർഷത്തെ 46,610.2 കോടി രൂപയേക്കാൾ 25% അധികമാണിത്. രാജ്യത്ത് ഏറ്റവുമധികം നികുതിയടയ്ക്കുന്ന ബിസിനസ് ഗ്രൂപ്പുകളിൽ ഒന്നുമാണ് അദാനിയുടേത്.കമ്പനികളുടെ മികച്ച നിലവാരമുള്ള ഭരണനിർവഹണവും ഓഹരി ഉടമകളോടുള്ള സമർപ്പണവുമാണ് അടിസ്ഥാന സൗകര്യ വികസന മേഖലയിലടക്കം മുൻനിരയിലെത്താൻ കമ്പനിക്ക് കരുത്താവുന്നതെന്ന് അദാനി ഗ്രൂപ്പ് വ്യക്തമാക്കി.ഗ്രൂപ്പിന് കീഴിലെ ലിസ്റ്റഡ് കമ്പനികളായ അദാനി എന്റർപ്രൈസസ്, അദാനി പോർട്സ്, അദാനി ഗ്രീൻ എനർജി, അദാനി എനർജി സൊല്യൂഷൻസ്, അദാനി പവർ, അദാനി ടോട്ടൽ ഗ്യാസ്, അംബുജ സിമന്റ്സ് എന്നിവയും ഇവയ്ക്ക് മുഖ്യ ഓഹരി പങ്കാളിത്തമുള്ള മറ്റു 3 ലിസ്റ്റഡ് കമ്പനികളായ എൻഡിടിവി, എസിസി, സാംഘി ഇൻഡസ്ട്രീസ് എന്നിവയും ചേർന്ന് അടച്ച നികുതിയുടെ കണക്കുകളാണ് അദാനി ഗ്രൂപ്പ് വ്യക്തമാക്കിയത്.സുതാര്യതയാണ് വിശ്വാസത്തിന്റെ അടിത്തറയെന്നും വിജയത്തിലേക്ക് മുന്നേറാൻ വിശ്വാസ്യതയാണ് കരുത്തെന്നും അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി പറഞ്ഞു. രാജ്യത്തിനായി സംഭാവന ചെയ്യുന്ന ഓരോ രൂപയും ഗ്രൂപ്പിന്റെ സമർപ്പണമനോഭാവവും പ്രവർത്തനമികവുമാണ് എടുത്തുകാട്ടുന്നത്. ഓഹരി ഉടമകളുടെ ആത്മവിശ്വാസം ഉയർത്തുകയും കോർപ്പറേറ്റ് പ്രവർത്തന ഉത്തരവാദിത്തം മുറുകെപ്പിടിക്കുകയുമാണ് നികുതിക്കണക്കുകൾ പുറത്തുവിടുന്നതിലൂടെ ഗ്രൂപ്പ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ക്ഷീര കർഷകർക്ക് ആശ്വസിക്കാം ഗോസമൃദ്ധി ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരി ന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സഹായത്തോടു കൂടി ജില്ലയിൽ പശു, എരുമ ഉൾപ്പെടെയുള്ള കന്നുകാലികൾക്കും അവയെ വളർത്തുന്ന കർഷകനും പരിരക്ഷ നല്കുന്നതാണ് പദ്ധതി. ഉരുക്കളുടെ മരണം, ഉത്പാദന ക്ഷമത നഷ്ടപ്പെടൽ, കർഷകന്റെ അപകട മരണം എന്നിവയ്ക്കും പരിരക്ഷ ലഭിക്കും. മൂന്ന് വർഷത്തേക്കും ഒരുവർഷത്തേക്കും ഉരുക്കളെ ഇൻഷുർ ചെയ്യാം. ജനറൽ വിഭാഗത്തിലും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കർഷകർക്കും ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ ആകാം.65000 രൂപ മതിപ്പ് വില വരുന്ന ഉരുവിന് ജനറൽ വിഭാഗത്തിന് 1356 രൂപയും എസ് സി എസ്ടി വിഭാഗത്തിന് 774 രൂപയുമാണ് ഗുണഭോക്തൃ വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3319 രൂപയുംഎസ് സി എസ് ടി വിഭാഗങ്ങൾക്ക് 1892 രൂപയുമാണ് കർഷക വിഹിതം. പദ്ധതിയുടെ സബ്സിഡിയിൽ 1456 രൂപ സർക്കാർ വിഹിതവും 100 രൂപ പൊതുമേഖല സ്ഥാപന മായ കേരള ഫീഡ്സിന്റെയും ആണ്.100 രൂപ പ്രീമിയത്തിൽ കർഷകന് 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ജില്ലയിലെ 3325 ഉരുക്കൾക്കും അവരുടെ ഉടമസ്ഥർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ള കർഷകർ എത്രയും പെട്ടെന്ന് സ്വന്തം തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ .സജികുമാർ. ജി, ജില്ലാ ഇൻഷുറൻസ് നോഡൽ ഓഫീസർ ഡോ അനിൽകുമാർ. എസ് എന്നിവർ അറിയിച്ചു .

# വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കാതിരിക്കാൻ ശക്തമായ ജാഗ്രത പുലർത്തണം

**കൊച്ചി:** വേനൽ കടുത്ത സാഹചര്യത്തിൽ വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്ന സാഹചര്യം ഒഴിവാക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ ശക്തമായ ജാഗ്രത പുലർത്തണമെന്ന് ആന്റണി ജോൺ എം.എൽ.എ. ജില്ലാ വികസന സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം കുട്ടമ്പുഴ മേഖലയിൽ കാട്ടാനകൾ എത്തിയ സംഭവം ചൂണ്ടിക്കാട്ടിയായിരുന്നു എം.എൽ.എയുടെ നിർദേശം.

കൃത്യമായ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണ നൽകണം. മനുഷ്യ വന്യമൃഗ സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ കിടങ്ങുകൾ നിർമ്മിക്കുന്നതും വൈദ്യുതി വേലികൾ സ്ഥാപിക്കുന്നതും സമയബന്ധിതമായി പൂർത്തിയാക്കണം. പാറകൾ ഉള്ളതിനാൽ കിടങ്ങ് കുഴിക്കാൻ സാധിക്കാത്ത ഭാഗങ്ങളിൽ വൈദ്യുതി വേലികൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പാക്കണം.

പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അമിത ജോലി ഭാരം മൂലം ഗ്രാമീണ റോഡുകളുടെ നവീകരണം വൈകുന്നത് ഒഴിവാക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു. മഴക്കാലത്തിന് മുൻപായി റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കണം. ജില്ലാ വികസന സമിതി പോലുള്ള യോഗങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊച്ചി നഗരത്തിലെ കേബിൾ കുരുക്ക് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ടി.ജെ വിനോദ് എം.എൽ.എ ആവശ്യപ്പെട്ടു. ഇതിനായി മാസത്തിൽ മൂന്ന് ദിവസമെങ്കിലും മാറ്റിവെക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകണം. നഗരത്തിലെ കെ.എസ്.ഇ.ബി ട്രാൻസ്ഫോമറുകൾ അപ്ഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കണം. നഗരത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇടപെടണം.

നഗരത്തിലെ വഴിയോരങ്ങളിൽ ഉൾപ്പെടെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള ലൈംഗിക തൊഴിലാളികളും ഒരു വിഭാഗം ട്രാൻസ്ജെൻഡ4മാരും നടത്തുന്ന അനാശ്യാസ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി വേണം. സൗത്ത് റെയിൽവേ സ്റ്റേഷൻ മുതൽ ജോസ് ജംഗ്ഷൻ വരെയുള്ള ഭാഗങ്ങളിൽ ഇത്തരക്കാരുടെ ശല്യം വളരെ കൂടുതലാണെന്നും എം.എൽ.എ പറഞ്ഞു.

കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ തൽസ്ഥിതി യോഗത്തിൽ അവലോകനം ചെയ്തു. ട്രൈബൽ, എസ്.സി പദ്ധതികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നും അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് പി.വി ശ്രീനിജിൻ എം.എൽ.എ പറഞ്ഞു. കിഴക്കമ്പലം പഞ്ചായത്തിൽ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന അൽസാഫി മിൽക്ക് ഫാമിനെ കുറിച്ച് അന്വേഷണം നടത്തണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.

മുവാറ്റുപുഴ മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ പുരോഗതി മാത്യു കുഴൽനാടൻ എം.എൽ.എ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. വേനൽ കടുത്ത സാഹചര്യത്തിൽ കൃഷിനാശം ഒഴിവാക്കുന്നതിനായി ജലസേചന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. നിലവിൽ ഉപയോഗ്യശൂന്യമായി കിടക്കുന്ന കനാലുകൾ വേഗത്തിൽ നവീകരിക്കണം. ആയവന ഗ്രാമ പഞ്ചായത്തിലെ മൂന്ന്, നാല്, അഞ്ച് വാർഡുകൾക്ക് സമീപം വാരപ്പെട്ടി പഞ്ചായത്തിന്റെ സ്ഥലത്ത് മനുഷ്യ മാലിന്യ സംസ്കരണ കേന്ദ്രം ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ സ്ഥലം സന്ദർശിക്കുകയും പൊതുസമൂഹവുമായി ചർച്ച നടത്തി തീരുമാനമെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ദുരന്ത നിവാരണ നിയമപ്രകാരം കുടിവെള്ള ടാങ്കറുകൾ വഴി വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു.

ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഫോർട്ട് കൊച്ചി സബ് കളക്ടർ കെ. മീര, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, മുവാറ്റുപുഴ ആർ.ഡി.ഒ. പി.എൻ. അനി, ജില്ലാ പ്ലാനിംഗ് ഓഫീസർ ഇൻ ചാർജ് ഇൻ ചാർജ് ടി. ജ്യോതിമോൾ, ഡെപ്യൂട്ടി കളക്ടർമാർ, വിവിധ വകുപ്പു മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# വി ആഗസ്തീനോസിന്റെ ദർശന തിരുന്നാൾ 27 മുതൽ

**പഴങ്ങനാട് :** പഴങ്ങനാട് സെന്റ് അഗസ്റ്റിൻ പള്ളിയിൽ ഇടവക മദ്ധ്യസ്ഥനായ വി ആഗസ്തീനോസിന്റെ ദർശന തിരുന്നാൾ ഫെബ്രുവരി 27, 28 മാർച്ച് 1 , 2 തീയതികളിൽ നടക്കും വ്യാഴം രാവിലെ 7ന് ആഘോഷപൂർവ്വമായ ദിവ്യബലി റവ. ഫാ. ഫ്രാൻസിസ് അരീക്കൽ. തുടർന്ന് 8.30 മുതൽ വൈകുന്നേരം 5.30 വരെ ദിവ്യകാരുണ്യ ആരാധന വിവിധ കുടുംബയൂണിറ്റുകൾ തുടർന്ന് ആരാധന സമാപന സന്ദേശം കൊടിയേറ്റ് റൈറ്റ് റവ ഡോ ആന്റണി വാലുങ്കൽ തുടർന്ന് രാത്രി 7.30 ആലപ്പുഴ സൂര്യകാന്തി അവതരിപ്പിക്കുന്ന നാടകം കല്യാണം വെള്ളി വി സെബസ്ത്യാനോസിന്റെ തിരുന്നാൾ രാവിലെ 7 ന് ആഘോഷപൂർവ്വമായ ദിവ്യബലി റവ. ഫാ.സനു പുതുശ്ശേരി (വികാരി സെന്റ് ജോർജ് ചർച്ച് ചക്കരപറമ്പ്) തുടർന്ന് ദർശന സമൂഹത്തിൽ പുതിയ അംഗങ്ങളെ ചേർക്കൽ വാഹന വെഞ്ചിരിപ്പ് ഭവനങ്ങളിലേയ്ക്ക് അമ്പ് എഴുന്നുള്ളിക്കൽ വൈകിട്ട് യൂണിറ്റുകളിൽ നിന്ന് അമ്പ് പ്രദക്ഷിണമായി ദേവാലയങ്ങളിൽ എത്തിചേരുന്നു തുടർന്ന് 2026 ലെ പ്രസുദേന്തി വാഴ്ച മാർച്ച് ഒന്ന് ശനി രാവിലെ 7 ന് ദിവ്യബലി റവ. ഫാ. ഡോ പോൾ കൈ പ്രൻ മ്പാടൻ (വികാരി) നിത്യ സഹായ മാതാവിന്റെ നൊവേന വൈകുന്നേരം നാലിന് തിരിവെഞ്ചിരിപ്പ് തുടർന്ന് ആഘോഷമായ തിരുന്നാൾ കുർബാനയ്ക്ക് ഇടവകയിലെ വൈദീകർ കാർമികത്വം വഹിക്കും റവ. ഫാ. ഡേവീസ് ചിറമേൽ കാർമ്മികത്വം വഹിക്കും (കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യ സ്ഥാപകൻ) തുടർന്ന് കാഴ്ച സമർപ്പണം നവജാത ശിശുക്കൾ നവ നമ്പദമ്പതിമാർ തുടർന്ന് വിശ്വാസ ചൈതന്യം നിറഞ്ഞ തിരുന്നാൾ പ്രദക്ഷിണം ആകാശ വിസ്മയ കാഴ്ച മാർച്ച് രണ്ട് ഞായർ രാവിലെ എഴിന്ന് ദിവ്യബലി ഇടവക വികാരി റവ.ഡോ. ഫാപോൾ കൈ പ്രൻ പാടൻ മുഖ്യ കാർമ്മികത്വം വഹിക്കും രാവിലെ 9.30 ന് നടക്കുന്ന ആഘോഷമായ തിരുന്നാൾ കുർബാനയ്ക്ക് റവ. ഫാ വിപിൻ കുരിശുതറ (സെന്റ് ജോസഫ് ചർച്ച് നോർത്ത് പാണാവള്ളി) റവ. ഫാ. ഡോ. വിൻസെന്റ് കുണ്ടുകുളം (പ്രൊസെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ ആലുവ) തുടർന്ന് തിരുന്നാൾ പ്രദക്ഷിണം വൈകുന്നേരം 5.30 ന് നടക്കുന്ന ദിവ്യബലിയ്ക്ക് ഫാ. ജയ്മോൻ തെക്കേ കുമ്പളത്ത് കാർമ്മികത്വം വഹിക്കും രൂപം എടുത്തുവയ്ക്കൽ തിരുനാൾ കൊടിയിറക്കം വൈകുന്നേരം 7.30 ന് ഗാനമേള (മുവാറ്റുപുഴ എയ്ഞ്ചൽഫോയ്സ്)മാർച്ച് 3തിങ്കൾ മരിച്ചവരുടെ ഓർമ്മ ദിനം വൈകുനേരം 6 ന് ദിവ്യബലി വികാരി ഫാ. പോൾ. കൈപ്രൻ പാടൻ കാർമ്മികത്വം വഹിക്കും

# കാഴ്ച്ചപരിമിതരുടെ ക്രിക്കറ്റ്; ജിബിൻ പ്രകാശ് ഇന്ത്യൻ ടീമിൽ



**കൊച്ചി:** ഇന്ത്യ-ബംഗ്ലാദേശ് സീരീസിനുള്ള കാഴ്ചപരിമിതരുടെ ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് മലയാളിയായ ജിബിൻ പ്രകാശിനെ തെരഞ്ഞെടുത്തു. ഈ മാസം 22 മുതൽ 27 വരെ യെലഹംഗയിലെ മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ഗ്രൗണ്ടിലാണ് മത്സരങ്ങൾ. തൃശ്ശൂർ കോട്ടപ്പുറം സ്വദേശിയായ ജിബിൻ പ്രകാശ് കേരള വർമ്മ കോളേജിലെ മൂന്നാം വർഷ ഹിസ്റ്ററി ബിരുദ വിദ്യാർത്ഥിയാണ്. ദീർഘ നാളായി കാഴ്ചപ്പരിമിതരുടെ കേരള ടീമിൽ അംഗമാണ് ജിബിൻ പ്രകാശ്. 2023ലെ നാഗേഷ് ട്രോഫിയിൽ കേരളത്തിനായി കളിച്ചിട്ടുണ്ട്.



**വെണ്ണല ഗവൺമെൻറ് എൽ പി സ്കൂളിന്റെ വാർഷികാഘോഷ ചടങ്ങിൽ റോട്ടറി ക്ലബ് കൊച്ചിൻ ലോഡ്സിന്റെ പ്രസിഡൻറ് റൊട്ടേറിയൻ കെ വി കൃഷ്ണകുമാർ റോട്ടറി ക്ലബ് നൽകുന്ന ബെസ്റ്റ് ടീച്ചർ അവാർഡ് സുനിത ടീച്ചർക്ക് സമ്മാനിക്കുന്നു. ജോർജ് നാനാട്ട്, കൗൺസിലർ, അബ്ദുൾ റഹീം എ PTA പ്രസിഡന്റ്, രാജേഷ് പി.ജി. ഹെഡ്മാസ്റ്റർ , ശ്രീജിത്ത് മേപ്പാടത്ത്, SMC ചെയർമാൻ തുടങ്ങിയവർ സമീപം.**

# പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഇന്ന് സമാപിക്കും

**കോട്ടയം :** മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 91ാം ഓർമ്മപ്പെരുന്നാളും, ചരമ നവതി സമാപനവും ഇന്ന് കൊടിയിറങ്ങും. കബറിടം സ്ഥിതിചെയ്യുന്ന പഴയ സെമിനാരിയിൽ രാവിലെ 7.30 ന് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെയും മറ്റ് മെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിൽ. തുടർന്ന് 10 മണിക്ക് പ്രദക്ഷിണം, ധൂപപ്രാർത്ഥന, ശ്ലൈഹിക വാഴ്. വിശുദ്ധ കുർബാനയ്ക്ക് ശേഷം ചാപ്പലിൽ വെച്ച് നടക്കുന്ന ഭവന നിർമ്മാണ സഹായ വിതരണം പരിശുദ്ധ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യും.വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ, അൽമായ ട്രസ്റ്റി ശ്രീ. റോണി വർഗ്ഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ജിജു പി. വർഗീസ് എന്നിവർ പങ്കെടുക്കും.

ഞായറാഴ്ച്ച വൈകീട്ട് കോട്ടയം ചെറിയപള്ളിയിൽ സന്ധ്യാനമസ്ക്കാരവും തുടർന്ന് പഴയസെമിനാരിയിലേക്ക് പ്രദക്ഷിണവും നടന്നു. വിവിധ ജില്ലകളിൽ നിന്നെത്തിയ പദയാത്രസംഘങ്ങൾക്ക് പഴയസെമിനാരിയിൽ സ്വീകരണം നൽകി.സെമിനാരിയിൽ സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് അഭിവന്ദ്യ എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രഭാഷണവും നടത്തി.ശേഷം ധൂപപ്രാർത്ഥനയും,ശ്ലൈഹിക വാഴ്വും നടന്നു.



## ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു

**കോട്ടയം :** ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 17ാം ഓർമ്മപ്പെരുന്നാൾ ഭക്തിപുരസരം ആചരിച്ചു. ഞായറാഴ്ച്ച അരമനയിൽ നടന്ന വിശുദ്ധ കുർബാനയ്ക്കും, ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾക്കും മെത്രാപ്പോലീത്താമാരായ സക്കറിയ മാർ നിക്കോളവാസ്, എബ്രഹാം മാർ സ്തേഫാനോസ് എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു.അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ,വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ ഫാ.ഡോ കെ എം ജോർജ് , ഫാ.ഡോ.ബേബി വർഗീസ്, എക്യുമെനിക്കൽ ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ഫാ.അശ്വിൻ ഫെർണാണ്ടസ് തുടങ്ങി അനേകം വൈദികർ പങ്കെടുത്തു.




ചൊവ്വര കെ.എം.എം.കോളേജിൽ സംഘടിപ്പിച്ച മെഗാ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം ആലുവ മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ നിർവ്വഹിക്കുന്നു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സുനിത പൗലോസ് , കോളേജ് പ്രിൻസിപ്പാൾ ഡോ. മഹിം ഇബ്രാഹിം, ശ്രീമൂലനഗരം പഞ്ചായത്ത് പ്രസിഡന്റ് വി.എം. ഷംസുദ്ദീൻ തുടങ്ങിയവർ സമീപം.

# കെ.എം.എം കോളേജിൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി :** രാജഗിരി ആശുപത്രി, ഡോ. ടോണി ഫെർണാണ്ടസ് ഐ ഹോസ്പിറ്റൽ, മാർ ബസേലിയൂസ് കോതമംഗലം ഡെന്റൽ ഹോസ്പിറ്റൽ, എന്നിവയുടെ സഹകരണത്തോടെ ചൊവ്വര കെ.എം എം കോളേജിൽ എൻ.എസ്.എസ് യൂണിറ്റ് സംഘടിപ്പിച്ച മെഗാ മെഡിക്കൽ ക്യാമ്പ് സമാപിച്ചു. ക്യാമ്പിൽ 300ഓളം പേർക്ക് ചികിത്സ നൽകാനായെന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ. മഹിം ഇബ്രാഹിം പറഞ്ഞു. ക്യാമ്പിന്റെ ഉദ്ഘാടനം ആലുവ മുനിസിപ്പൽ ചെയർമാൻ എം.ഒ. ജോൺ നിർവഹിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സുനിത പൗലോസ് ശ്രീമൂലനഗരം പഞ്ചായത്ത് പ്രസിഡന്റ് വി.എം. ഷംസുദ്ദീൻ ആർ.ഡി. ദേവദത്ത് എന്നിവർ പ്രസംഗിച്ചു.



# മൈക്രോഫിനാൻസ് വായ്പ വിതരണം ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു

**കോഴിക്കോട്:** സംസ്ഥാന വനിത വികസന കോർപറേഷൻ വായ്പ മേളയുടെ ജില്ലാതല ഉദ്ഘാടനം കാനത്തിൽ ജമീല എംഎൽഎ നിർവഹിച്ചു. ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി ഡി എസ്ന് സംസ്ഥാന വനിത വികസന കോർപ്പറേഷൻ മൈക്രോ ഫിനാൻസ് വായ്പ അനുവദിച്ചതിന്റെ വിതരണം കാനത്തിൽ ജമീല എംഎൽഎയും വ്യക്തിഗത സ്വയം തൊഴിൽ വായ്പകളുടെ വിതരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ മലയിലും നിർവഹിച്ചു.

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചയാത്ത് ഇഎംഎസ് ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന വനിത വികസന കോർപറേഷൻ ചെയർപേഴ്സൺ റോസക്കുട്ടി ടീച്ചർ അധ്യക്ഷത വഹിച്ചു.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി വേണു, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബേബി സുന്ദർ രാജ് , വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗീത കാരോൽ, സിഡിഎസ് ചെയർപേഴ്സൺ ടി കെ പ്രനീത എന്നിവർ സംസാരിച്ചു. സംസ്ഥാന വനിത വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ബിന്ദു വി സി സ്വാഗതവും വനിത കോർപറേഷൻ മേഖലാ മാനേജർ കെ ഫൈസൽ മുനീർ നന്ദിയും പറഞ്ഞു.

29 കുടുംബശ്രീ ഗ്രൂപ്പുകളിലെ 312 അംഗങ്ങൾക്കായി 2,01,50,000 രൂപയും വ്യക്തിഗത തൊഴിൽ വായ്പയായി ഒരു കോടിയിലധികം രൂപയും വായ്പ മേളയിൽ വിതരണം ചെയ്തു. ഹോട്ടൽ, കാറ്ററിംഗ് യൂണിറ്റ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് ഉൾപ്പടെയുള്ള നിരവധി പദ്ധതികളാണ് വായ്പ ഉപയോഗിച്ച് കുടുംബശ്രീ ഗ്രൂപ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

## ഏകദിന ശിൽപശാല

**തിരുവനന്തപുരം:** കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) ജർമ്മൻ ഭാഷ പരിശീലനം നൽകുന്ന പൊതുസ്വകാര്യ സ്ഥാപനങ്ങൾക്കായി 25 ന് രാവിലെ 9.30 മുതൽ ഹോട്ടൽ ഡിമോറായിൽ ഏകദിന ശില്പശാല നടത്തും. പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ശില്പശാല ഉദ്ഘാടനം ചെയ്യും. ഗോഥെസെൻട്രം, ഇൻഡോജർമ്മൻ ചേംബർ ഓഫ് കൊമേഴ്സ്, പ്രോ റെക്കഗ്നിഷൻ, ജിസ് എന്നിവിടങ്ങളിലെ പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുക്കും. സംസ്ഥാനത്തെ ജർമ്മൻ കുടിയേറ്റത്തിലെ വെല്ലുവിളികൾ കണ്ടെത്തുക, ജർമ്മൻ ഭാഷ പരിശീലന രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് ശില്പശാലയുടെ ലക്ഷ്യം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ജർമ്മൻ ഭാഷ പരിശീലന സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്ത് ശില്പശാലയിൽ പങ്കെടുക്കാം.




# സുകൃതം 2025 ജനനി കുടുംബസംഗമം

**കോഴിക്കോട്:** ഹോമിയോപ്പതി വന്ധ്യത നിവാരണ പദ്ധതിയായ ജനനിയുടെ കോഴിക്കോട് ജില്ലാതല കുടുംബ സംഗമവും ഹാപ്പി പേരന്റിംഗ് സെമിനാറും സുകൃതം പുതിയങ്ങാടി ഒലിവ് കൺവെൻഷൻ സെന്ററിൽ വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പും നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ച് ജില്ലാ ഹോമിയോപ്പതി ആശുപത്രിയിൽ 2012 മുതൽ നടപ്പിലാക്കി വരുന്ന വന്ധ്യത നിവാരണ പദ്ധതിയാണ് ജനനി. പദ്ധതിയിലൂടെ 421 കുട്ടികൾ ജനിക്കാൻ ഇടയായിട്ടുണ്ട് എന്നതിന് പുറമെ 643 പ്രെഗ്നെൻസി പോസിറ്റീവ് കേസുകളും സംഭവിച്ചു.

ജനനി പദ്ധതിയിലൂടെ ജനിച്ച 95 കുട്ടികളും രക്ഷിതാക്കളും പരിപാടിയിൽ പങ്കെടുത്തു. വർഷങ്ങളായി പല ചികിത്സകളും നടത്തിയിട്ടും ഫലപ്രാപ്തി ഉണ്ടാവാതെ ഹോമിയോപ്പതി ചികിത്സയിലൂടെ കുട്ടികൾ ഉണ്ടായവരുടെ അനുഭവങ്ങൾ പരിപാടിയിൽ പങ്ക് വച്ചു.

സമൂഹത്തിലെ വേദനിക്കുന്ന ഹൃദയങ്ങളാണ് കുട്ടികൾ ഇല്ലാത്തവരുടേത്. അത് മനസിലാക്കി ജനനി പദ്ധതിയ്ക്ക് വേണ്ടി പ്രവർത്തിച്ച ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും പ്രശംസ അർഹിക്കുന്നു, മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു.

ഈ ചികിത്സാരീതി കൊണ്ട് പ്രയോജനമുണ്ടാകുമോ എന്ന സംശയം ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്നു. എങ്കിലും വിദഗ്ധരായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ചികിത്സക്കും ആശ്വാസ വാക്കുകൾക്കും ഫലം ഉണ്ടാക്കാൻ കഴിഞ്ഞതായി മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അധ്യക്ഷത വഹിച്ച ചടങ്ങിൽ പദ്ധതിയുടെ ലോഗോ പ്രകാശനവും ജനനി കുഞ്ഞുങ്ങൾക്കുള്ള സ്നേഹോപഹാരവും മന്ത്രി നൽകി. മുൻ എംഎൽഎ വി കെ സി മമ്മദ് കോയ, ജനനി സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ബിജു കുമാർ ദാമോദരൻ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. ആർ ജയനാരായണൻ എന്നിവർ വിശിഷ്ടാതിഥികൾ ആയി.

നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ അനീന ത്യാഗരാജ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് ഡോ. അച്ചാമ്മ ലെനു തോമസ് പദ്ധതി വിശദീകരിച്ചു. റെനീറ്റ മോണിക്ക റോഡ്രിഗസ് ഹാപ്പി പേരെന്റിങ്ങുമായി ബന്ധപ്പെട്ട ക്ലാസ് കൈകാര്യം ചെയ്തു.

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ നിഷ പുത്തൻ പുരയിൽ, കെ വി റീന, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സി വി എം നജ്മ, റംസീന നരിക്കുനി, നാസർ എസ്റ്റേറ്റ് മുക്ക്, വി പി ദുൽഖിഫിൽ, കോർപ്പറേഷൻ കൗൺസിലർമാരായ ഇ പി സഫീന, ടി മുരളീധരൻ, എച്ച് എം സി അംഗം രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ഗവാസ് സ്വാഗതവും ജനനി കൺവീനവർ ഡോ. വിവേക് കെ വി നന്ദിയും പറഞ്ഞു.

# ഭിന്നശേഷി കലോത്സവം ഉണർവ് 2025 ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** കേവലമായ ഔദ്യോഗിക കർത്തവ്യ നിർവഹണത്തിന് അപ്പുറം ജനങ്ങളെ സമഗ്രമായി കണ്ട് തദ്ദേശ ഭരണകൂടങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോഴാണ് ജനാഭിലാഷം സാർഥകമാകുകയെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ ചൂണ്ടിക്കാട്ടി.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവം 'ഉണർവ് 2025' അന്നശ്ശേരി ജിഎൽപി സ്കൂളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉണർവ് പോലെയുള്ള കൂട്ടായ്മകൾ ഭിന്നശേഷി വിഭാഗങ്ങൾക്കിടയിൽ പരസ്പരം ആത്മവിശ്വാസം വളർത്താനും കൂടുതൽ ശേഷിയോടെ വെല്ലുവിളികളെ നേരിട്ട് ജീവിതത്തിൽ വിജയം കൈവരിക്കാനും സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ പി പ്രമീള അധ്യക്ഷത വഹിച്ചു. ചാനൽ കോമഡി കലാകാരൻ ശ്രീരാജ് മുഖ്യാതിഥിയായി.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ കെ ശിവദാസൻ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ കെ ജി പ്രജിത, ക്ഷേമകാര്യ സ്ഥിരംസമിതി ചെയർമാൻ അനിൽ കോരാമ്പ്ര, വാർഡ് അംഗം റസിയ തട്ടാരിയിൽ, ഐസിഡിഎസ് സൂപ്പർവൈസർ ടി ദിവ്യ തുടങ്ങിയവർ സംസാരിച്ചു.

# മലയോര മേഖലയിലെ വന്യജീവി ശല്യം; പ്രത്യേക യോഗം വിളിക്കാൻ തീരുമാനം

**കോഴിക്കോട്:** ജില്ലയുടെ മലയോര മേഖലകളിൽ വന്യമൃഗശല്യം വർധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രത്യേക യോഗം വിളിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ഇ കെ വിജയൻ എംഎൽഎ ഉന്നയിച്ച വിഷയത്തിന് പ്രതികരണമായാണ് ജില്ലാ കലക്ടർ ഇക്കാര്യം അറിയിച്ചത്. നാദാപുരം മേഖലയിലെ മലയോര പ്രദേശങ്ങളിൽ പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത് ജാഗ്രതയോടെ കാണേണ്ട കാര്യമാണെന്ന് എംഎൽഎ പറഞ്ഞു. ഈ മേഖലകളിൽ പന്നിയുടെ ശല്യവും രൂക്ഷമാണ്. പന്നികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഇവിടെ പതിവായിരിക്കുകയാണെന്നും എംഎൽഎ അറിയിച്ചു. വിലങ്ങാട് അടുപ്പിൽ ഉന്നതിയിലെ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. താലൂക്ക് ആശുപത്രിയിലെ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത പ്രശ്നത്തിന് പരിഹാരം കാണണമെന്നും എംഎൽഎ പറഞ്ഞു.

ശാന്തിനഗർ കോളനിയിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് യോഗത്തിൽ തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ ആവശ്യപ്പെട്ടു. കിഫ്ബി ഫണ്ടിൽ അനുവദിച്ച പനാത്തുതാഴം മേൽപ്പാലം നിർമാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാനും യോഗം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. ദേശീയപാതയിലെ വീതികുറഞ്ഞ സർവീസ് റോഡുകൾക്കായി അടിയന്തര സാഹചര്യങ്ങളിൽ അധികം സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് അധ്യക്ഷത വഹിച്ചു.

## ഇ ടെൻഡർ

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെൻഡർ നടപടികളുടെ വിശദ വിവരങ്ങൾ www.lsg.kerala.gov.in, www.etenders.kerala.gov.in വെബ്സൈറ്റുകളിലും,പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാം.

## മത്സര പരീക്ഷാ പരിശീലനം

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ തുടങ്ങി മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഹാളിൽ മത്സര പരീക്ഷാ പരിശീലനം നടത്തും. പ്രവർത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് അഞ്ചു വരെയാണ് പരിശീലനം. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫെബ്രുവരി 27 ന് മുമ്പായി എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷന്റെ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം.
ഫോൺ:0484 2422458/8301040684

## വിമുക്ത ഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** 01.01.1995 മുതൽ 31.12.2024 വരെ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട്, രജിസ്ട്രേഷൻ പുതുക്കുന്നതിന് ഏപ്രിൽ 30 വരെ സമയം അനുവദിച്ചു. എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള ഒറിജിനൽ തിരിച്ചറിയൽ കാർഡു സഹിതം, അപേക്ഷ സമർപ്പിച്ചു തൊഴിൽ രജിസ്ട്രേഷൻ പുതുക്കാം. ഫോൺ : 04842422239.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന എൻ എഫ്. ഡി.സി. സ്വയം തൊഴിൽ വായ്പ പദ്ധതികളിലേക്ക് ഉദ്യോഗസ്ഥ/വസ്തു ജാമ്യ വ്യവസ്ഥയിൽ എറണാകുളം ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 55 നും മധ്യേ പ്രായമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വൈറ്റിലയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷൻറെ ജില്ലാ കാര്യാലയവുമായി നേരിട്ട് ബന്ധപ്പെടുക. ഫോൺ: 0484 2302663; MOB:9400068507.

## വനിതാ കമ്മീഷൻ അദാലത്ത് ഇന്ന്

**കൊച്ചി:** കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന എറണാകുളം ജില്ലാതല അദാലത്ത് ഫെബ്രുവരി 24 ന് നടക്കും. ഗവ. ഗസ്റ്റ് ഹൗസ് ഹാളിൽ രാവിലെ 10 ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

## റ്റി റ്റി സി കോഴ്സിന് ഫീസ് ഇളവ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ വനിതാദിനത്തോടനുബന്ധിച്ച് ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് കോഴ്സിന് ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ അഡ്മിഷൻ എടുക്കുന്ന എല്ലാ വനിതകൾക്കും ഫീസ് ഇളവ്. കൂടുതൽ വിവരങ്ങൾക്ക് 9072592412, 9072592416.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** 20252026 കാലയളവിൽ (2026 മാർച്ച് 31 വരെ) എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ ഗതാഗത കയറ്റിറക്കു ജോലികൾ ഏറ്റെടുത്തു നടത്തുന്നതിന് സ്റ്റേഷനറി സാധനങ്ങളുടെ ഗതാഗതം, സ്റ്റോക്ക് ചെയ്യൽ, മറ്റനുബന്ധ ജോലികൾ ഇവക്കുള്ള 01/20242025 നമ്പർ ദർഘാസ്' എന്ന മേലെഴുത്തോടു കൂടി മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചു. ദർഘാസ് ഫോറം എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിൽ നിന്നും പ്രവൃത്തി ദിനങ്ങളിൽ മാർച്ച് 18 ന് ഉച്ചയ്ക്ക് ശേഷം മൂന്നു വരെ ലഭിക്കും. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 19, ഉച്ചയ്ക്ക് ശേഷം മൂന്നു വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിനങ്ങളിൽ നേരിട്ടോ, ഫോൺ മുഖേനയോ ബന്ധപ്പെടാം. ഫോൺ 0484 2422630.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസിലെ ഉപയോഗത്തിനായി ഒരു വർഷ കാലയളവിലേക്ക് വാഹനം (കാർ) വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട് നിന്നും ലഭിക്കും.(ഫോൺ.0484 2952949). ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 27ന് ഉച്ചയ്ക്ക് രണ്ടു വരെ.

**കൊച്ചി:**കേരള ഹൈക്കോടതിയുടെ ആവശ്യത്തിലേക്ക് ഉയർന്ന നിലവാരത്തിലുള്ള ഫ്ലോർ കാർപ്പെറ്റ് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഫെബ്രുവരി 25 ന് ഉച്ചയ്ക്ക് രണ്ടു വരെ നൽകാം. കൂടുതൽ വിവരങ്ങൾ ഹൈക്കോടതി ഭരണ വിഭാഗം രജിസ്ട്രാർ ഓഫീസിൽ അറിയാം.

# 18 ദിവസത്തിനുള്ളിൽ 3 ലക്ഷത്തിലധികം പേർക്ക് കാൻസർ സ്‌ക്രീനിംഗ്

## ആരോഗ്യം ആനന്ദംഅകറ്റാം അർബുദം വൻ വിജയം

**തിരുവനന്തപുരം:** കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആരോഗ്യം ആനന്ദംഅകറ്റാം അർബുദം ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് 3 ലക്ഷത്തിലധികം (3,07,120) പേർ കാൻസർ സ്‌ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1381 സർക്കാർ ആശുപത്രികളിൽ സ്‌ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്‌ക്രീൻ ചെയ്തതിൽ 16,644 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, മാധ്യമ പ്രവർത്തകർ, സെക്രട്ടറിയേറ്റ് ജീവനക്കാർ, ടെക്നോപാർക്ക് ജീവനക്കാർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു. ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ സ്ത്രീകൾക്ക് കാൻസർ സ്‌ക്രീനിംഗ് നടത്താവുന്നതാണ്. എല്ലാ സ്ത്രീകളും സ്‌ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്‌ക്രീനിംഗ് നടത്തുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുന്നതാണ്.

2,80,161 സ്ത്രീകൾക്ക് സ്തനാർബുദം ഉണ്ടോയെന്നറിയാൻ സ്‌ക്രീനിംഗ് നടത്തി. അതിൽ 9,585 പേരെ (3 ശതമാനം) സ്തനാർബുദം സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. 1,91,908 പേരെ ഗർഭാശയഗള കാൻസറിന് സ്‌ക്രീൻ ചെയ്തതിൽ 7,460 പേരെ (4 ശതമാനം) തുടർ പരിശോധനയ്ക്കായും 1,39,856 പേരെ വായിലെ കാൻസറിന് സ്‌ക്രീൻ ചെയ്തതിൽ 943 പേരെ (1 ശതമാനം) തുടർ പരിശോധനയ്ക്കായും റഫർ ചെയ്തു. ഈ ക്യാമ്പയിനിലൂടെ നിലവിൽ 37 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്.

ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും.

ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

# പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കായി മാധ്യമ മേഖലയിൽ പ്രത്യേക പദ്ധതി

**കൊച്ചി:** കേരളത്തിലെ മാധ്യമ മേഖലയിലെ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരളമീഡിയ അക്കാദമിയുമായി ചേർന്ന് പ്രത്യേക പദ്ധതി നടപ്പാക്കുന്നു. ഇതിലേക്ക് അടിസ്ഥാന യോഗ്യതയുള്ളവർക്ക് മാർച്ച് മൂന്നുവരെ കേരള മീഡിയ അക്കാദമിയിലേക്ക് അപേക്ഷകൾ സമർപ്പിക്കാം.പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണെങ്കിലും മാധ്യമരംഗത്തെ അവസ്ഥ തികച്ചും വ്യത്യസ്തമാണ്. ഇതിനെ അതീവ ഗൗരവമായാണ് സംസ്ഥാനസർക്കാരും കേരള മീഡിയ അക്കാദമിയും കാണുന്നത്. എസ്.സി/എസ്.ടി പിന്നോക്ക ക്ഷേമ മന്ത്രി ഒ.ആർ.കേളു പ്രത്യേക താല്പര്യമെടുത്ത് പട്ടികജാതി വികസനവകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി കേരള മീഡിയ അക്കാദമിയുമായി ചേർന്ന് പദ്ധതി നടപ്പാക്കുകയാണ്.

ഇതിലൂടെ ഈ വിഭാഗത്തിലെ 15 പേർക്ക് വിവിധ മാധ്യമസ്ഥാപനങ്ങളിൽ പരമാവധി രണ്ടുവർഷത്തെ ട്രെയിനി നിയമനം ലഭിക്കുമെന്ന് അക്കാദമി ചെയർമാൻ ആർ.എസ്.ബാബു അറിയിച്ചു. ജേണലിസം ആന്റ്ക മാസ് കമ്മ്യൂണിക്കേഷനിൽ ഡിപ്ലോമയോ, ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർക്കണ അപക്ഷിക്കാം. 21 നും 35 വയസ്സിനുമിടയിൽ പ്രായമുള്ള പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരുടെ സെലക്ഷൻ ലിസ്റ്റ് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് കേരള മീഡിയ അക്കാദമി തയ്യാറാക്കും. ഇവരിൽ നിന്നും മാധ്യമസ്ഥാപനങ്ങളിൽ നിയമിതരാകുന്ന ട്രെയിനികൾക്ക് പ്രതിമാസം 15000 രൂപ സർക്കാർ ഓണറേറിയം നൽകും. ഇതിനു പുറമെ കുറഞ്ഞത് 5000 രൂപ മാധ്യമസ്ഥാപനങ്ങൾ നല്കണം എന്നതാണ് മീഡിയ അക്കാദമി മാധ്യമസ്ഥാപനങ്ങൾക്ക് മുന്നിൽ വച്ചിരിക്കുന്ന നിർദ്ദേശം.

മാധ്യമസ്ഥാപനത്തിന്റെ എഡിറ്റോറിയൽ സംവിധാനത്തിന് അകത്തുനിന്നുകൊണ്ടായിരിക്കും ട്രെയിനി പരിശീലനം. ഒരു വർഷത്തേക്കാണ് ട്രെയിനി നിയമനമെങ്കിലും ആവശ്യമെങ്കിൽ ഒരു വർഷം കൂടി നീട്ടിനല്കാം. ഈ കാലയളവിലും സർക്കാർ വിഹിതം നല്കും .അവസരസമത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനുള്ള ചുവടുവയ്പാണിത്. ഇതിനകം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

വിശദ വിവരങ്ങളും അപേക്ഷാ ഫോറവും www.keralamediaacademy.org, www.scdd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കാം. അവസാന തിയതി 2025 മാർച്ച് 3

അപേക്ഷകൾ സെക്രട്ടറി, കേരള മീഡിയ അക്കാദമി, സീപോർട്ട് എയർപോർട്ട് റോഡ്, കാക്കനാട്, കൊച്ചി682030 എന്ന വിലാസത്തിൽ അയയ്ക്കണം.

# അച്ഛനമ്മമാർ ഐസിയുവിൽ ഉപേക്ഷിച്ച കുഞ്ഞിന്റെ ചികിത്സാ മേൽനോട്ടത്തിന് മെഡിക്കൽ ബോർഡ്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ജാർഖണ്ഡ് സ്വദേശികളായ അച്ഛനമ്മമാർ സ്വകാര്യ ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ച് പോയ മൂന്നാഴ്ച മാത്രം പ്രായമായ നവജാത ശിശുവിനെ എറണാകുളം ജനറൽ ആശുപത്രിയിൽ എത്തിച്ച് തുടർന്നുള്ള വിദഗ്ധ പരിചരണം ഉറപ്പാക്കി. കുഞ്ഞിന്റെ സംരക്ഷണം വനിത ശിശുവികസന വകുപ്പ് ഏറ്റെടുക്കുമെന്ന് കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞിരുന്നു. കുഞ്ഞിന് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ജനറൽ ആശുപത്രി സൂപ്രണ്ടിനും മന്ത്രി നിർദേശം നൽകിയിരുന്നു. ഇതിനെ തുടർന്നാണ് നടപടി. കുഞ്ഞിന്റെ മുമ്പത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവിന്റെ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന പ്രകാരം വനിത ശിശുവികസന വകുപ്പിന്റെ ബാല നിധിയിലൂടെ അനുവദിക്കുന്നതാണ്.

ആശുപത്രിയിലെ പീഡിയാട്രീഷ്യന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ന്യൂബോൺ കെയറിൽ പരിശീലനം നേടിയ നഴ്സ്, എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ എന്നിവരടങ്ങുന്ന സംഘമാണ് കുഞ്ഞിനെ ജനറൽ ആശുപത്രിയിലെത്തിച്ചത്. സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ ചികിത്സയിലുള്ള കുഞ്ഞ് ഇപ്പോഴും ഓക്സിജൻ സപ്പോർട്ടിലാണ്. കുഞ്ഞിന് നിലവിൽ ഒരു കിലോ ഭാരമുണ്ട്. തലയിൽ ചെറിയ രക്തസ്രാവമുണ്ട്. ഓറൽ ആന്റിബയോട്ടിക് ചികിത്സ തുടരുന്നുണ്ട്. ഒരു മാസത്തോളം തീവ്ര പരിചരണം ആവശ്യമാണ്.

കുഞ്ഞിന് പ്രത്യേക കരുതലൊരുക്കണമെന്ന് മന്ത്രി വീണാ ജോർജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി. ആശുപത്രി സൂപ്രണ്ട് ഡോ. ഷഹിർഷായുടെ ഏകോപനത്തിൽ പീഡിയാട്രീഷ്യൻ ഡോ. വിജിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരടങ്ങിയ പ്രത്യേക മെഡിക്കൽ ബോർഡ് കുഞ്ഞിന്റെ ചികിത്സാ മേൽനോട്ടം വഹിക്കും. ബന്ധുക്കളാരും ഇല്ലാത്തതിനാൽ കുഞ്ഞിന്റെ പ്രത്യേക പരിചരണത്തിന് ന്യൂബോൺ കെയറിലെ നഴ്സുമാരെ നിയോഗിച്ചു. കുഞ്ഞിന് മുലപ്പാൽ ബാങ്കിൽ നിന്നും മുലപ്പാൽ ലഭ്യമാക്കി വരുന്നു.

വനിതാ ശിശു വികസന വകുപ്പിന്റെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ദിവസവും കുഞ്ഞിനെ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ആവശ്യമെങ്കിൽ വനിത ശിശുവികസന വകുപ്പിന്റെ കെയർ ടേക്കർമാരേയും നിയോഗിക്കും. മാതാപിതാക്കൾ തിരിച്ചു വരുന്നെങ്കിൽ കുഞ്ഞിനെ അവർക്ക് കൈമാറും. കുഞ്ഞിനെ മാതാപിതാക്കൾക്ക് ഇനി വേണ്ട എന്നാണെങ്കിൽ നിയമപരമായ നടപടികളിലൂടെ കുഞ്ഞിനെ ശിശുക്ഷേമ സമിതി ഏറ്റെടുക്കും.

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

# നിക്ഷേപകർക്ക് സ്വാഗതം: സാധ്യമായ എല്ലാ പിന്തുണയും സർക്കാർ ഉറപ്പാക്കും മുഖ്യമന്ത്രി പിണറായി വിജയൻ

**കൊച്ചി:** കേരളത്തിലേക്ക് എത്തുന്ന നിക്ഷേപകർക്ക് സാധ്യമായ എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഐ. ടി മേഖലയിലെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി രാജ്യത്തെ പ്രമുഖരായ 31 നിക്ഷേപകർ പങ്കെടുത്ത റൗണ്ട് ടേബിൾ മീറ്റിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാർ ഐടി മേഖലയിലുള്ള നിക്ഷേപങ്ങൾക്ക് വളരെ പ്രാധാന്യമാണ് നൽകുന്നത്. ഭൂമിയും, പ്രകൃതി വിഭവങ്ങളും ആവശ്യമില്ലാത്ത ഐ.ടി വ്യവസായം കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് അനുയോജ്യമാണ്.

രാജ്യത്ത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്ന മേഖലകളിൽ ഒന്നാണ് ഐ. ടി. കേരളത്തിലെ മൂന്ന് ഐടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ 2000 ത്തോളം രജിസ്റ്റർ ചെയ്ത കമ്പനികളിലായി ഏകദേശം 2 ലക്ഷത്തോളം ഐ ടി പ്രൊഫഷണലുകൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 30 ശതമാനത്തിൽ അധികം സ്ത്രീ തൊഴിലാളികളാണ്. ഐ. ടി വ്യവസായം പരോക്ഷമായി മറ്റു മേഖലയിലെ തൊഴിൽ സാധ്യതകൾക്കു കൂടിയാണ് വഴി തുറക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഐ.ടി മേഖലയ്ക്ക് നൽകുന്ന പിന്തുണ സുരക്ഷ ജീവനക്കാർ, ഡ്രൈവർമാർ, ഹോട്ടലുകൾ തുടങ്ങി അനുബന്ധമേഖലയിലുള്ള തൊഴിൽ സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നത് വഴി അനവധി ആളുകൾക്ക് ഉപജീവനത്തിനുള്ള പിന്തുണ കൂടിയായി മാറുകയാണ്.

സാങ്കേതിക വിദ്യയിലും അടിസ്ഥാന സൗകര്യ മേഖലയിലും നമ്മൾ മുന്നിലാണ്. മൂന്നര കോടി ആളുകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കഴിഞ്ഞു.

വിദ്യാഭ്യാസകാലഘട്ടം മുതൽ കുട്ടികളുടെ നൈപുണ്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നുണ്ട്. ഡിജിറ്റൽ സാക്ഷരത നേടിയ സമൂഹവും പ്രഗൽഭരായ ഉദ്യോഗാർത്ഥികളും മേഖലയിലേക്ക് എത്തുന്ന നിക്ഷേപകർക്ക് ഗുണകരമാകും. അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം

വ്യവസായത്തിനും അക്കാദമിക മേഖലയ്ക്കും ഇടയിലുള്ള ഒരു പാലമായി പ്രവർത്തിച്ച് വരുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ക്ലൗഡ് ടെക്നോളജികൾ, വെർചൽ റിയാലിറ്റി എന്നിവയുൾപ്പെടെയുള്ള ഭാവി സാങ്കേതികവിദ്യയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി വിവിധ കോഴ്സുകൾ നടത്തുന്നുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാകുന്നതോടെ തൊഴിലുറപ്പാക്കാൻ സാധിക്കുന്നുണ്ട്. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കഴിഞ്ഞു. അക്കാദമികവ്യവസായ സഹകരണം ഊർജ്ജിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

പ്രകൃതി വിഭവങ്ങളാലും ആയുർവേദം അടക്കമുള്ള പരമ്പരാഗത ചികിത്സാ രീതികളാലും മിതമായ കാലാവസ്ഥയാലും സമ്പന്നമാണ് കേരളം. നീതി ആയോഗ് സൂചനയിൽ ഒന്നാം സ്ഥാനത്ത് എത്താൻ കേരളത്തിന് സാധിച്ചു.

ലോകമെമ്പാടുമുള്ള നിക്ഷേപകരുടെ ആവശ്യങ്ങളും ആശങ്കകളും നേരിട്ട് മനസ്സിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇൻവെസ്റ്റ കേരള ഗ്ലോബൽ സമ്മിറ്റ്. വ്യവസായികൾക്ക് തങ്ങളുടെ വ്യവസായ വിപുലികരണത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലമാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

### കേരളം സാധ്യതകളുടെ കേന്ദ്രം

മികച്ച സാധ്യതകൾ ഒരുക്കുന്ന കേന്ദ്രമാണ് കേരളമെന്ന് ചർച്ചയിൽ പങ്കെടുത്തു കൊണ്ട് നിക്ഷേപക പ്രതിനിധികൾ പറഞ്ഞു. രാഷ്ട്രീയ തലത്തിലും ഉദ്യോഗസ്ഥലത്തിലും മാതൃകാപരമായ പിന്തുണയാണ് ഇവിടേക്ക് എത്തുന്ന നിക്ഷേപകർക്ക് ലഭിക്കുന്നത്. ലളിതമായ നിയമങ്ങൾ കൂടുതൽ വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന് പ്രോത്സാഹനമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും ,പുതിയ സംരംഭകരെ സ്വാഗതം ചെയ്യുന്നതിലും, സ്റ്റാർട്ട്അപ്പ് തുടങ്ങുവാനും സൗഹാർദമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. കൊറോണയുടെ സമയത്ത്പോലും

വർക്ക് ഫ്രം ഹോം പോലുള്ള സൗകര്യങ്ങൾ ഒരുക്കാനും ഓരോ മേഖലയെയും ബാധിക്കാത്ത രീതിയിൽ മുന്നോട്ട് കൊണ്ടു പോവാനുള്ള പ്രവർത്തനങ്ങൾ നടത്തിയത് മാതൃകാപരമാണ്.

പ്രഗൽഭരും വിദ്യാസമ്പന്നരുമായ യുവതലമുറ കേരളത്തിന്റെ പ്രത്യേകതയാണ്. അതിവിദഗ്ധരായ നിരവധി ആളുകളെ ഇവിടെ കാണാൻ കഴിയുന്നുണ്ട്. സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ മേഖലയിൽ വളരെ പുരോഗമിച്ച ഒരു സമൂഹമാണ് കേരളത്തിലുള്ളത്. കണക്ടിവിറ്റിയിലും ആശയ വിനിമയ സംവിധാനങ്ങളിലും നൈപുണ്യ വികസനത്തിലും അടിസ്ഥാന സൗകര്യങ്ങളിലും മുന്നിലാണ്.

അനുകൂലമായ സ്ഥലം, മികച്ച അടിസ്ഥാന സൗകര്യം, കണക്ടിവിറ്റി, പുരോഗമനപരമായ നയങ്ങൾ, എന്നിവയ്ക്കൊപ്പം വൈദഗ്ധ്യമുള്ള യുവ തലമുറയും കേരളത്തിലേക്ക് നിക്ഷേപകരെ പ്രോൽസാഹിപ്പക്കുന്ന നയമാണ് കേരളത്തിന്റേത്. ഇന്നവേറ്റീവ് ഇൻവെസ്റ്റ്മെന്റിന്റെ ഹബ് ആയി കേരളം മാറിയിട്ടുണ്ട്. സുസ്ഥിരമായ ഭാവിയും ദീർഘ കാല വളർച്ചയും ലക്ഷ്യമിടുന്നവർക്ക് മികച്ച സ്ഥലമാണ് കേരളം.

പാരമ്പരാഗത വ്യവസായങ്ങൾ, മെഡിക്കൽ ഇൻഡസ്ട്രി, അഗ്രോ പ്രോസസ്സിംഗ്, ലോജിസ്റ്റിക്, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, റോബോട്ടിക്സ്, ടൂറിസം എന്നിവയിലൊക്കെ കേരളത്തിൽ വലിയ സാധ്യതകളുണ്ട്.

രാജ്യത്തെ ഏറ്റവും നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇൻഡസ്ട്രിയൽ നയങ്ങളിൽ ഉണ്ടായിരുന്ന പല നിയന്ത്രണങ്ങളും നീക്കിയതും ഗുണകരമായിട്ടുണ്ടെന്നും ചർച്ചയിൽ പങ്കെടുത്തു കൊണ്ട് വിവിധ പ്രതിനിധികൾ പറഞ്ഞു.

## ലോജിസ്റ്റിക്സ് മേഖലയിൽ 5000 കോടിയുടെ നിക്ഷേപവുമായി ദുബായ് ഷറഫ് ഗ്രൂപ്പ്

കേരളത്തിലെ വ്യവസായിക വികസന കുതിപ്പിന് സാക്ഷ്യം വഹിച്ച് കൊച്ചി ലുലു കൺവെൻഷൻ സെന്ററിൻ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ രണ്ടാം ദിനവും.

സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിൽ 5000 കോടിയുടെ നിക്ഷേപം വാഗ്ദാനം ചെയ്തിരിക്കുകയാണ് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഷറഫ് ഗ്രൂപ്പ്. ഷറഫ് ഗ്രൂപ്പിന്റെ വൈസ് ചെയർമാൻ ഷറഫുദ്ദീൻ ഷറഫാണ് കേരളത്തിലെ നിക്ഷേപ സാധ്യതകൾ മനസ്സിലാക്കി താൽപര്യം അറിയിച്ചത്.

ലോജിസ്റ്റിക്സ്, ഷിപ്പ് മാനേജ്മെന്റ് , ഷിപ്പ് ഏജൻസി തുടങ്ങിയ വിവിധ മേഖലകളിലായി ഷറഫ് ഗ്രൂപ്പിന് ഇന്ത്യയുമായി 28 വർഷത്തെ ബിസിനസ് ബന്ധമുണ്ട്. ഇന്ത്യയിലെ ഏഴ് പ്രധാന നഗരങ്ങളിൽ ബിസിനസ് ഉണ്ട്. കേരളത്തിൽ രണ്ടു പ്രധാന സ്ഥലങ്ങൾ കണ്ടെത്തി സർക്കാർ പിന്തുണയോടെ 5000 കോടിയുടെ ബിസിനസ് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ചെയർമാൻ പറഞ്ഞു.വിദ്യാസമ്പന്നരുടെ നാടാണ് കേരളം. ഇവിടത്തെ മനുഷ്യ വിഭവശേഷി വളരെ മികച്ചതാണ്. യോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വളരെ വേഗത്തിൽ പദ്ധതി ആരംഭിക്കും. വളരെ ആകർഷണീയമായ രീതിയിലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സർക്കാർ സംഘടിപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## സംയുക്ത സംരംഭവുമായി ആർട്സൺ ഗ്രൂപ്പും മലബാർ സിമന്റ്സും ബോട്ട് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കും

കൊച്ചിയിൽ നിക്ഷേപം നടത്തി വ്യവസായ കുതിപ്പിന് ചുക്കാൻ പിടിക്കാൻ താത്പര്യം അറിയിച്ചിരിക്കുകയാണ് ടാറ്റ ഗ്രൂപ്പിന്റെ അനുബന്ധ കമ്പനിയായ ആർട്സൺ ഗ്രൂപ്പ്. പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ആർട്സൺ ഗ്രൂപ്പും മലബാർ സിമന്റ്സും സഹകരിച്ച് 300 കോടിയുടെ പദ്ധതിക്കാണ് ഗ്ലോബൽ സമ്മിറ്റിൽ താല്പര്യപത്രം ഒപ്പിട്ടത്. പദ്ധതിയുടെ ഭാഗമായി 100 ടണ്ണിൽ താഴെയുള്ള ബോട്ട് നിർമ്മാണ യൂണിറ്റാണ് ആരംഭിക്കുന്നത്. ആർട്സൺ ഗ്രൂപ്പ് സിഇഒ ശശാങ്ക് ഝാ, മലബാർ സിമന്റ് മാനേജിംഗ് ഡയറക്ടർ ചന്ദ്ര ബോസ് എന്നിവർ ചേർന്നാണ് സംയുക്ത പദ്ധതിയുടെ കാര്യം വ്യക്തമാക്കിയത്.

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മലബാർ സിമന്റ്സ് ലീസിന് എടുത്തിരിക്കുന്ന ഏഴ് ഏക്കറിലാണ് ബോട്ട് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത്. ആറുമാസത്തിനുള്ളിൽ നിർമ്മാണ യൂണിറ്റ് തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. സർക്കാർതലത്തിലുള്ള ചർച്ചകൾക്ക് ശേഷം ആയിരിക്കും പദ്ധതി ആരംഭിക്കുന്നത്.

ആദ്യഘട്ടത്തിൽ ബോട്ടുകൾ വാട്ടർ മെട്രോയ്ക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. ഭാവിയിൽ യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യുന്നതും പരിഗണനയിലുണ്ടെന്ന് സിഇഒയും മാനേജിങ് ഡയറക്ടറും വ്യക്തമാക്കി

## ഫ്യൂച്ചർ കേരള മിഷൻ: കേരളത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കാൻ ഒരുങ്ങി ജെയിൻ

കേരളത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കുമെന്ന പ്രഖ്യാപനവുമായി രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ ഗ്രൂപ്പായ ജെയിൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ്. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിലാണ് സ്വകാര്യ സർവകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടത്തിയത്. ജെയിൻ ഗ്ലോബൽ യൂണിവേഴ്സിറ്റി എന്ന പേരിലാണ് സർവകലാശാല സ്ഥാപിക്കുന്നത്. മന്ത്രിസഭ അംഗീകരിച്ച സ്വകാര്യ സർവകലാശാല ബില്ലിന്റെ അടിസ്ഥാനത്തിലായിരുന്നു പുതിയ പ്രഖ്യാപനം. കോഴിക്കോട് ആസ്ഥാനമായി ആരംഭിക്കാൻ പദ്ധതിയിടുന്ന ജെയിൻ ഗ്ലോബൽ യൂണിവേഴ്സിറ്റിയുടെ ആദ്യഘട്ട നിക്ഷേപം 350 കോടി രൂപയാണ്. തിരുവനന്തപുരം, കോട്ടയം,തൃശൂർ, കണ്ണൂർ എന്നിവടങ്ങളിൽ ഉപക്യാമ്പസുകളും സ്ഥാപിക്കും.

ജെയിൻ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു വിഭാവനം ചെയ്ത ഫ്യൂച്ചർ കേരള മിഷന്റെ ഭാഗമായാണ് പുതിയ സർവകലാശാല സ്ഥാപിക്കുന്നത്. ഗവേഷണാധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ അവസരം സൃഷ്ടിക്കൽ, സംരംഭകത്വം,യുവജന ശാക്തീകരണം എന്നിവയിലൂടെ കേരളത്തെ മികച്ച വാസസ്ഥലമാക്കിമാറ്റുന്നതിനുള്ള ദീർഘകാല പദ്ധതിയാണ് ഫ്യൂച്ചർ കേരള മിഷൻ. ഇതിന്റെ ഭാഗമായി സാങ്കേതികവിദ്യയെ ആധാരമാക്കി പ്രായോഗിക പരിജ്ഞാനവും വിദ്യാർത്ഥികേന്ദ്രീകൃതവുമായ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയാണ് പുതിയ സർവകലാശാലയുടെ ലക്ഷ്യം. ആഗോളതലത്തിലുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും, കേരളത്തിന്റെ സുസ്ഥിര വളർച്ചയ്ക്കും പുരോഗതിക്കും സംഭാവന നൽകുവാനും വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന രീതിയുള്ളതാകും പാഠ്യപദ്ധതി.

മികവാർന്ന പഠന പദ്ധതിയിലൂടെ രാജ്യത്തിനകത്തും പുറത്തുമുള്ള വിദ്യർത്ഥികളെ സംസ്ഥാനത്തേക്ക് ആകർഷിച്ചുകൊണ്ട് കേരളത്തെ ആഗോളവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം.

ജെയിൻ സർവകലാശാലയുടെ അന്താരാഷ്ട്ര തലത്തിലുള്ള അക്കാദമിക, വ്യാവസായിക പങ്കാളിത്തങ്ങൾ, അതിനൂതന പഠനരീതികൾ എന്നിവ വിദ്യാർത്ഥികളെ ഗവേഷണത്തിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രാപ്തരാക്കും. അക്കാദമിക മികവിനൊപ്പം സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കും, നൂതന ആശയങ്ങൾക്കും പുതിയതായി ആരംഭിക്കുന്ന ജെയിൻ ഗ്ലോബൽ യൂണിവേഴ്സിറ്റി കൂടുതൽ പ്രാധാന്യം നൽകും.

ഗുണനിലവാരമുള്ള ഉന്നതപഠനം തേടി മറ്റു നാടുകളിലേക്ക് പോകുന്നവരുടെ എണ്ണം കേരളത്തിൽ കൂടുതലാണ്. ഇത്തരത്തിൽ മികച്ച വിദ്യാഭ്യാസം ലക്ഷ്യമാക്കി പുറംരാജ്യങ്ങളിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും പോകുന്നവർക്ക് നാട്ടിൽ തന്നെ ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായാണ് കേരളത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതെന്ന് ജെയിൻ യൂണിവേഴ്സിറ്റി ചാൻസിലർ ഡോ. ചെൻരാജ് റോയ്ചന്ദ് പറഞ്ഞു.

2019 മുതൽ കൊച്ചിയിൽ ജെയിൻ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം പുതിയതായി ആരംഭിക്കുന്ന ജെയിൻ ഗ്ലോബൽ യൂണിവേഴ്സിറ്റിയും ഉപക്യാമ്പസുകളും കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം സൃഷ്ടിക്കുമെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.

# റേസ് ബൈ സഞ്ജു സാംസൺ ക്രിക്കറ്റ് അക്കാദമി ചാലക്കുടിയിൽ ആരംഭിക്കുന്നു

**ചാലക്കുടി:** റേസ് ബൈ സഞ്ജു സാംസൺ ക്രിക്കറ്റ് അക്കാദമിയുടെ ലോഗോ പ്രകാശനം ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ, ചലച്ചിത്ര താരങ്ങളായ ദിലീപ്, ടൊവീനോ തോമസ്, ബേസിൽ ജോസഫ് എന്നിവർ ചേർന്ന് നിർവഹിച്ചു. കോച്ച് ബിജു ജോർജ്, സ്പോർട്ട്സ് കമന്റേറർ ഷൈജു ദാമോദരൻ, റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഉടമ റാഫേൽ പൊഴോലിപ്പറമ്പിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ക്രിക്കറ്റ് അക്കാദമി റേസ് ബൈ സഞ്ജു സാംസൺ സ്പോർട്സിനും ക്രിക്കറ്റിനുമപ്പുറം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതിയാണ് റേസ്' ബൈ സഞ്ജു സാംസൺ റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസിലെ റാഫേൽ പൊഴോലിപ്പറമ്പിലിന്റെയും സഞ്ജു സാംസണിന്റെയും ആശയത്തിൽ നിന്നുണ്ടായ സംരംഭമാണ് റേസ് ബൈ സഞ്ജു സാംസൺ. കെസിഎൽ ഫ്രാഞ്ചൈസിയായ ആലപ്പി റിപ്പിൾസുമായുള്ള പങ്കാളിത്തത്തിന് പുറമെ, കായികരംഗത്തെ റാഫേൽ ഗ്രൂപ്പിന്റെ രണ്ടാമത്തെ സജീവ നിക്ഷേപമായിരിക്കും റേസ്. ക്രിക്കറ്റ് പരിശീലകൻ ബിജു ജോർജ്, സംരംഭകരായ ജീമോൻ പുല്ലേലി, ദിവ്യ രാജൻ എന്നിവരുടെ പിന്തുണയോടെയാണ് സഞ്ജുവും റാഫേലുമിതാരംഭിക്കുന്നത്.

അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകാനും, കളിക്കാരെ ഉയർന്ന തലങ്ങളിലേക്ക് സജ്ജമാക്കാനും കഴിയുന്ന ഒരു റെസിഡൻഷ്യൽ ക്രിക്കറ്റ് അക്കാദമിയായാണ് റേസ് വിഭാവനം ചെയ്തിരിക്കുന്നത്. എ എക്സ് വൈ ഇസൈഡ് വെഞ്ചേഴ്സ് ക്രിക്കറ്റ് സൗകര്യത്തിന് ഏറ്റവും അനുയോജ്യമായ 11 ഏക്കർ ടേബിൾ ടോപ്പ് ഭൂമി വികസിപ്പിച്ചെടുത്തിട്ടുണ്ട്. 100,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള, സുസ്ഥിരവും അത്യാധുനികവുമായ ഒരു പൂർണ്ണ റെസിഡൻഷ്യൽ ആശയം പ്രദാനം ചെയ്യുന്നതാണ് റേസ് ബൈ സഞ്ജു സാംസൺ. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 20 കോടി രൂപ ചെലവ് കണക്കാക്കുന്നു.

2026 സെപ്റ്റംബറോടെ പ്രവർത്തനമാരംഭിക്കുന്ന അക്കാദമി, ക്രിക്കറ്റിനെ ഒരു കരിയറായി കണക്കാക്കുന്ന ലോകമെമ്പാടും നിന്നുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആതിഥേയത്വം വഹിക്കാൻ ലക്ഷ്യമിടുന്നു. 9 നും 16 നും ഇടയിൽ പ്രായമുള്ള ക്രിക്കറ്റ് താരങ്ങൾക്കാണ് പ്രവേശനം. താങ്ങാനാകുന്ന ഫീസിൽ 100% റെസിഡൻഷ്യൽ പാക്കേജാണ് റേസ് വാഗ്ദാനം ചെയ്യുന്നത്. ഉയർന്ന നിലവാരമുള്ള ക്രിക്കറ്റ് പരിശീലനം, ഇന്റർനാഷണൽ ബാക്കലറിയേറ്റ് (ഐബി) വിദ്യാഭ്യാസം, പ്രത്യേകവും ശാസ്ത്രീയവുമായ ആസൂത്രിത പോഷകാഹാര പദ്ധതികൾ, റിക്രിയേഷൻ സൗകര്യങ്ങൾ, മൊത്തത്തിലുള്ള ക്ഷേമം എന്നിവയാണ് പാക്കേജിൽ ഉൾപ്പെടുന്നത്. 11 ഏക്കർ വിസ്തൃതിയിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള ക്രിക്കറ്റ് ഗ്രൗണ്ട്, മൂന്നു സ്വതന്ത്ര കോംപ്ലക്സുകളിലായി സ്റ്റുഡന്റ് ഡോമുകൾ സ്റ്റഡി, എന്റർടെയ്ൻമെന്റ് സോണുകൾ, സ്വിമ്മിംഗ് പൂൾ, ടർഫ് നെറ്റ്സ്, ബാഡ്മിന്റൺ, പാഡൽ, ഷൂട്ടിംഗ് റേഞ്ച് എന്നിവ ഉൾക്കൊള്ളുന്നു. ഇൻഡോർ ആവശ്യങ്ങൾക്കായി ചെറിയ കൺവെൻഷൻ സെന്റർ, യോഗ സോണുകൾ, വിസിറ്റിങ് ടീമുകൾക്കുള്ള ഡോമുകൾ എന്നിവയുമുണ്ടാകും.

റേസ് ബൈ സഞ്ജു സാംസണിനു റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ അഫിലിയേറ്റ് പാർട്ണറായ കെ ഐ സിയുടെ (കേരള ഇൻഫ്ലുവൻസർ കമ്മ്യൂണിറ്റി) പിന്തുണയുമുണ്ട്. ലോകമെമ്പാടുമുള്ള യുവ പ്രതിഭകൾക്കായി അക്കാദമിയുടെ ഓഫറുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും റേസിനെ കെ ഐ സി പിന്തുണക്കും.

മികച്ച പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനുള്ള അക്കാദമിയുടെ ലക്ഷ്യം സഞ്ജു സാംസൺ ഫൗണ്ടേഷനുമായി സഹകരിച്ച്, കെ ഐ സി ഉറപ്പാക്കും

റേസ് ബൈ സഞ്ജു സാംസൺ ഇതിനകം തന്നെ വിദേശ വിദ്യാഭ്യാസ പങ്കാളികളുമായി ഫ്ലെക്സിബിൾ ഐബി പാഠ്യപദ്ധതിക്കുള്ള വിപുലമായ ചർച്ചയിലാണ്. റേസ് ബൈ സഞ്ജു സാംസണിൽ ക്രിക്കറ്റിൽ മികവ് പുലർത്തുന്നതിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് ഒരു വിദേശ സർവകലാശാലയിൽ നിന്നുള്ള ബിരുദം നേടാനും കഴിയും. ഇതുവഴി ക്രിക്കറ്റിന് അതീതമായി ഒരു തൊഴിലധിഷ്ഠിത പ്ലാറ്റ്ഫോമും വിദ്യാർത്ഥികൾക്ക് ലഭിക്കും.

ഐപിഎൽ ടീമായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്റെ ആഗോള ടാലന്റ് സ്കൗട്ട് റോൾ ചെയ്യുന്ന വിഖ്യാത പരിശീലകനായ ബിജു ജോർജ്ജാണ് റേസ് ബൈ സഞ്ജു സാംസൺ നയിക്കുന്നത്.

ഇന്ത്യൻ വനിതാ ടീമിനെ മാർഗ്ഗദർശനം നൽകുന്നതിനു പുറമേ സൺ റൈസേഴ്സ് ഹൈദരാബാദിന്റെയും ഡൽഹി ക്യാപിറ്റൽസിന്റെയും ഫീൽഡിംഗ് പരിശീലകനായിരുന്നു ബിജു ജോർജ്ജ്.

മികച്ച കഴിവുകളും ട്രാക്ക് റെക്കോർഡുമുള്ള മറ്റ് രാജ്യാന്തര പരിശീലകരും റേസ് ബൈ സഞ്ജു സാംസണിൽ ഉണ്ടാകും.

വരും വർഷങ്ങളിൽ യുഎസ്എ, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി റേസ് ഒരു പരിശീലന രീതി വികസിപ്പിച്ചെടുക്കും.



## ഇറ്റാലിയൻ ബൈക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിച്ച് ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ

**കൊച്ചി;** ഇന്ത്യയിലെ മോട്ടോർസൈക്കിൾ പ്രേമികൾക്ക് ഇറ്റാലിയൻ മോട്ടോർസൈക്കിളുകൾ കൂടുതൽ പ്രാപ്യമാക്കി മാറ്റാൻ ലക്ഷ്യമിട്ട് ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ (എഎആർഐ) ഇന്ത്യയിലെ മോട്ടോ മോറിനി (എംഎം) സീംമെസോ 650 ശ്രേണിയിൽ വിലക്കുറവ് പ്രഖ്യാപിച്ചു. ഓഫറിന്റെ ഭാഗമായി മോട്ടോ മോറിനി സീംമെസോ 650 ശ്രേണി ഇപ്പോൾ 4.99 ലക്ഷം രൂപയിൽ ആരംഭിക്കുന്നു. എംവൈ2025 മോഡലുകൾ രണ്ട് ലക്ഷം രൂപ വിലക്കുറവിൽ വാങ്ങാം.

ഇറ്റാലിയൻ രൂപകൽപ്പന, പെർഫോമൻസ്, പാരമ്പര്യം എന്നിവ ഇഷ്ടപ്പെടുന്ന റൈഡർമാർക്ക് തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന എഎആർഐ എംവൈ 2025 സീംമെസോ 650 സ്ക്രാംബ്ലർ, റെട്രോ സ്ട്രീറ്റ് മോഡലുകൾ ആകർഷകമായ പുതിയ വിലയ്ക്ക് സ്വന്തമാക്കാൻ അവസരം ലഭിക്കും. ലഭ്യമായ എല്ലാ കളർ ഓപ്ഷനുകളും ഡിസ്കൗണ്ട് വിലയിൽ ലഭിക്കുമെന്ന് എഎആർഐ മാനേജിംഗ് ഡയറക്ടർ വികാസ് ജബാഖ് വ്യക്തമാക്കി. സ്റ്റൈൽ, പെർഫോമൻസ്, വിലയ്ക്കൊത്ത മൂല്യം എന്നിവയുടെ സമാനതകളില്ലാത്ത സംയോജനം വാഗ്ദാനം ചെയ്യുന്ന പ്രീമിയം ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത പുതുക്കിയ വിലയിലൂടെ പ്രകടമാകുന്നതായും അദ്ദേഹം പറഞ്ഞു.

## അതിനൂതനമായ ഡിസൈനുകളുടെ ശേഖരവുമായി ഗൗരവ് ഗുപ്ത



**കൊച്ചി:** ദുബായിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് പ്രമുഖ ഇന്ത്യൻ ഫാഷൻ ഡിസൈനർ ഗൗരവ് ഗുപ്ത അതിനൂതനമായ ഡിസൈനുകളുടെ ശേഖരം അവതരിപ്പിച്ചു. മുംബൈയിലെ കാലഘോഡയിലുള്ള ഗൗരവ് ഗുപ്തയുടെ ഫ് ളാഗ്ഷിപ്പ് സ്റ്റോറിൽ നടന്ന സോയറിയിലാണ് എക്സ്ക്ലൂസീവ് ശേഖരം അനാച്ഛാദനം ചെയ്തത്. ദുബായുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം, വാസ്തുവിദ്യ, ആധുനിക രൂപകൽപ്പന, ഭൂപ്രകൃതി എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, പാരമ്പര്യവും ആധുനികതയും സമന്വയിപ്പിക്കുന്ന ഈ ഡിസൈനുകൾ കാപ്സ്യൂൾ ശേഖരം എന്ന പേരിലാണ് പുറത്തിറക്കിയത്.

ദുബായിയുടെ പ്രകൃതിദൃശ്യങ്ങളുടെയും സംസ്കാരത്തിന്റെയും വ്യത്യസ്ത വശങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്ത അഞ്ച് ഇഷ്ടാനുസൃത ഡിസൈനുകൾ ഇതിൽ ഉൾപ്പെടുന്നു. ലോഹ വെള്ളി ബ്രെസ്റ്റ്പ്ലേറ്റും സവിശേഷമായ എംബ്രോയിഡറിയും ഉള്ള സിൽവർ പേൾ ഗൗൺ, ശിൽപ പേൾ ഗൗൺ, 2,000ത്തിലധികം ക്രിസ്റ്റലുകൾ കൊണ്ട് അലങ്കരിച്ച സെലസ്റ്റിയൽ സ്കൾപ്റ്റഡ് കാസ്കേഡഡ് ഗൗൺ, വേവ്സ്കൾപ്റ്റഡ് സാൻഡ് ഗൗൺ തുടങ്ങിയ ഡിസൈനുകളെല്ലാം ദുബായുടെ ഭൂപ്രകൃതിയിൽ നിന്നും സംസ്കാരത്തിൽ നിന്നും പ്രചോദനം സ്വീകരിച്ച് രൂപകൽപ്പന ചെയ്തതാണെന്ന് ഗൗരവ് ഗുപ്ത പറഞ്ഞു.ഈ കാപ്സ്യൂൾ ശേഖരം സൃഷ്ടിക്കുക എന്നത് ദുബായിയുടെ വ്യക്തിത്വത്തിന്റെയും സത്തയുടെയും പര്യവേക്ഷണമായിരുന്നുവെന്ന് ഗൗരവ് ഗുപ്ത പറഞ്ഞു. അസാധ്യമായത് യാഥാർത്ഥ്യമാകുന്ന ഒരു സ്ഥലമാണ് ദുബായ്. ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം വർധിപ്പാക്കാനും ക്യാപ്സൂൾ ശേഖരം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

## ചെന്നൈ, ജമ്മു സർവീസ് ആരംഭിച്ച് എയർ ഇന്ത്യ

**കൊച്ചി:** ചെന്നൈയിൽനിന്ന് ജമ്മുകാഷ്മീരിലേക്കും ശ്രീനഗറിലേക്കും വിമാന സർവീസുകൾ ആരംഭിച്ച് എയർ ഇന്ത്യ. വിനോദസഞ്ചാരികളുടെ യാത്രാ സൗകര്യം വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ സർവീസുകൾക്ക് എയർ ഇന്ത്യ തുടക്കമിട്ടത്.

ദക്ഷിണേന്ത്യയിലെ വിനോദ സഞ്ചാരികൾക്ക് ഉത്തരേന്ത്യൻ മഞ്ഞുമലകളിലേക്ക് സുഗമവും സുരക്ഷിതവുമായ അവധിക്കാല യാത്രയാണ് ഇതുവഴി എയർ ഇന്ത്യ വാഗ്ദാനം ചെയ്യുന്നത്. മത്സരാധിഷ്ഠിതമായി ആഭ്യന്തര കണക്ടിവിറ്റി വർധിപ്പിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്.

## ഹൃദ്രോഹ വിദഗ്ധരുടെ എക്കോകാഡിയോഗ്രാഫി സംസ്ഥാന സമ്മേളനം തുടങ്ങി

**കൊച്ചി.** ഇന്ത്യൻ അക്കാദമി ഓഫ് എക്കോ കാഡിയോഗ്രഫി സംസ്ഥാന സമ്മേളനം കൊച്ചിയിൽ ഹോട്ടൽ ഹോളിഡേ ഇന്നിൽ തുടങ്ങി. സമ്മേളനത്തിൽ കേരളത്തിലെ 400 ഓളം ഹൃദ്രോഗ വിദഗ്ധർ പങ്കെടുത്തു. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ (18 ദശലക്ഷം) പ്രതിവർഷം മരണപ്പെടുന്നത് ഹൃദയാഘാതത്താലാണ്. ഇത് ആകെ ലോകത്തുള്ള മരണ സംഖ്യയുടെ 31 ശതമാനമാണ്. ഇന്ത്യയിൽ ജീവിതശൈലി രോഗങ്ങൾ മൂലമുള്ള മരണങ്ങളിൽ 27 ശതമാനവും ഹൃദ്രോഗത്താണ് . ഭീഷണമായി വർദ്ധിച്ചുവരുന്ന ഹൃദ്രോഗത്തെ പിടിയിലൊതുക്കുന്നതിന്റെ ഭാഗമായി ഹൃദ്രോഗരംഗത്തെ അതിനൂതന പരിശോധനാ രീതികൾ ചർച്ചചെയ്യുന്നതിനായി കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട ഹൃദ്യോഗ വിദഗ്ധരും കൊച്ചിയിൽ സമ്മേളിക്കുകയാണ്. ഹൃദയത്തിന്റെ കണ്ണാടി എന്ന് വിശേഷിപ്പിക്കുന്ന അൾട്രാസൗണ്ട് പരിശോധനയായ എക്കോകാർഡിയോഗ്രാഫി വഴി ഹൃദയത്തിലെ സങ്കീർണമായ ഘടനാ വൈകല്യങ്ങളെ സൂക്ഷ്മമായി കണ്ടുപിടിക്കുന്ന നൂതന വഴികളാണ് 40 ഓളം പ്രബന്ധങ്ങളിലൂടെ




വിദഗ്ധർ ചർച്ചചെയ്യുന്നത്. നെഞ്ച് പിളർന്നുള്ള ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് പകരം, കത്തീറ്റർ വഴി എക്കോകാർഡിയോഗ്രാഫിയുടെ സഹായത്തോടെ കൃത്രിമവാൽവ് മാറ്റിവയ്ക്കുക, ഹൃദയ അറകളുടെയും വാൽവുകളുടെയും ഘടനാ വൈകല്യങ്ങൾ നിർണയിക്കുക, ജന്മജാത ഹൃദയവൈകല്യങ്ങൾ കണ്ടുപിടിക്കുക, ഗർഭസ്ഥ ശിശുവിലെ ഹൃദയവൈകല്യങ്ങൾ കണ്ടുപിടിക്കുക, അന്നനാളം വഴി പ്രോബ് കടത്തി ഹൃദയഘടന വിലയിരുത്തുന്ന ട്രാൻസ് ഈസോഫാജിയൽ എക്കോ, ഹാർട്ടറ്റാക്കിനു ശേഷം ഹൃദയസങ്കോചന ശേഷി വിലയിരുത്തുന്ന പരിശോധന എല്ലാം ചർച്ചകൾക്ക് വിധേയമായി. ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുന്ന സംസ്ഥാന സമ്മേളനം ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫിയുടെ ദേശീയ പ്രസിഡന്റ് ഡോ.ആർ.മണിവസാഗം ഉദ്ഘാടനം ചെയ്തു. പ്രൊ.ഡോ.രാജൻ മാഞ്ഞുരാൻ, ഡോ.ജോർജ് തയ്യിൽ, ഡോ.കെ.ശിവപ്രസാദ്,ഡോ.സുനിത വിശ്വനാഥൻ, ഡോ.എസ്.പ്രവീൺ, ഡോ.ഗംഗ വേലായുധൻ, ഡോ.ബിനോ ബെഞ്ചമിൻ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ 400 ഓളം കാർഡിയോളജിസ്റ്റുകൾ പങ്കെടുത്ത ദ്വിദിന സമ്മേളനം ഇന്ന് സമാപിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കേരളത്തിൽ ബിസിനസ് വിപുലീകരിച്ച് മാൻകാൻകോർ

**കൊച്ചി**: ആഗോള സ്പൈസ് എക്സ്ട്രാക്റ്റ് വിപണിയിലെ മുൻനിര കമ്പനിയായ മാൻ കാൻകോർ കേരളത്തിലെ ബിസിനസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി, പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുറന്നു. കമ്പനിയുടെ അങ്കമാലി ക്യാമ്പസിൽ ആരംഭിച്ച ഓഫീസിന്റെ ഉദ്ഘാടനം മാൻകാൻകോർ ചെയർമാൻ ജോൺ മാൻ നിർവഹിച്ചു. 17,000 ചതുരശ്രയടി വിസ്തീർണമുള്ള ഓഫീസ് സമുച്ചയം പരിസ്ഥിതി സൗഹൃദവും നൂതന ഡിസൈൻ ടെക്നോളജിയധിഷ്ഠിതവുമാണ്. ഊർജ്ജ സംരക്ഷണത്തിന് മുൻതൂക്കം നൽകി രൂപകൽപ്പന ചെയ്ത കെട്ടിടത്തിലും ഇതിനോട് ചേർന്നുള്ള ക്യാന്റീനിലും ഡിജിയു ഗ്ലാസ് ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിലൂടെ താപനില കുറയ്ക്കുവാനും വൈദ്യുതി ലാഭിക്കുവാനും സാധിക്കുമെന്ന് അധികൃതർ പറയുന്നു. കെട്ടിടത്തിന്എക്സലൻസ് ഇൻ ഡിസൈൻ ഫോർ ഗ്രേറ്റർ എഫിഷൻസീസ് സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.പരമ്പരാഗത സുഗന്ധവ്യഞ്ജനങ്ങൾ നിർമ്മിക്കുന്നതിനും ആന്റി ഓക്സിഡന്റ്, നാച്ചുറൽ കളേഴ്സ്,പേഴ്സണൽ കെയർ ഇൻഗ്രീഡിയൻസ്, സ്പൈസ് എക്സ്ട്രാക്റ്റ് എന്നിവയുടെ ഉത്പാദന രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനുമാണ് കമ്പനി കൂടുതൽ നിക്ഷേപം നടത്തുന്നതെന്ന് മാൻ കാൻകോർ ചെയർമാൻ ജോൺ മാൻ പറഞ്ഞു.ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം വിപുലീകരിക്കുന്നതിനുമായി ഇതുവരെ കമ്പനി 400 കോടിയുടെ നിക്ഷേപം ഇന്ത്യയിൽ നടത്തിയിട്ടുണ്ടെന്ന് മാൻകാൻകോർ ഡയറക്ടറും സി.ഇ.ഒയുമായ ഡോ. ജീമോൻ കോര പറഞ്ഞു. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ശക്തമായ സഹകരണത്തിന്റെ മികച്ച ഉദാഹരണമാണ് മാൻകാൻകോറിന്റെ പ്രവർത്തനമെന്ന് പോണ്ടിച്ചേരി ആൻഡ് ചെന്നൈയിലെ ഫ്രാൻസിന്റെ കോൺസുൽ ജനറൽ എറ്റിയേൻ റോളണ്ട് പിഗ്യു പറഞ്ഞു. ചടങ്ങിൽ മാൻ കാൻകോർ ഓപ്പറേഷൻസ് സീനിയർ വൈസ് പ്രസിഡന്റ് മാത്യു വർഗീസ്, സ്പൈസസ് ബോർഡ്, കെഎസ്ഐഡിസി, ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം, സിഐഐ, എഫ്.എ.എഫ്.എ.ഐ.,ടൈ കേരള, കേരള എയ്ഞ്ചൽ നെറ്റ്വർക്ക് എന്നിവയുടെ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# സിജി പാർക്ക് തുടങ്ങി

**കൊച്ചി:** പോസ്റ്റ്പ്രൊഡക്ഷൻ, എആർ (ഓഗ്മെന്റഡ് റിയാലിറ്റി), വിആർ (വെർച്വൽ റിയാലിറ്റി), ഗെയിമിംഗ് എന്നിവയിലുടനീളമുള്ള പ്രതിഭകൾക്ക് പിന്തുണയുമായി ഫിലിം പ്രൊഡക്ഷൻ കേന്ദ്രം റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ, ചലച്ചിത്ര താരങ്ങളായ ദിലീപ്, ടൊവീനോ തോമസ്, ബേസിൽ ജോസഫ്, റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഉടമ റാഫേൽ പൊഴോലിപ്പറമ്പിൽ എന്നിവർ ചേർന്ന് ചാലക്കുടിയിലെ സിജി പാർക്ക് ഉദ്ഘാടനം നിർവഹിച്ചു.സംരംഭകനായ റാഫേൽ പൊഴോലിപ്പറമ്പിൽ നയിക്കുന്ന റാഫേൽ ഗ്രൂപ്പ് ഓഫ് കമ്പനീസിന് കീഴിൽ പ്രമോട്ട് ചെയ്യുന്ന റാഫേൽ ഫിലിം സിറ്റി, കെഐസി (കേരള ഇൻഫ്ലുവൻസർ കമ്മ്യൂണിറ്റി)യുടെ പങ്കാളിത്തത്തോടെ ആരംഭിക്കുന്ന സംയുക്ത സംരംഭമാണ് സിജി പാർക്ക്. ഫിലിം മേക്കിംഗ്, വിഎഫ്എക്സ്, അത്യാധുനിക പോസ്റ്റ്പ്രൊഡക്ഷൻ എന്നീ മേഖലകളിൽ മികച്ച അനുഭവസമ്പത്തുള്ള, റാഫേൽ ഫിലിം സിറ്റിയുടെയും സിജി പാർക്കിന്റെയും സഹസ്ഥാപകനായ ജീമോൻ പുല്ലേലിയാണ് പദ്ധതിയിക്ക് നേതൃത്വം നൽകുന്നത്.റാഫേൽ ഫിലിം സിറ്റി, ഈ മേഖലയിലെ ഭാവി ചലച്ചിത്ര നിർമ്മാതാക്കളെ സജീവമായി പിന്തുണയ്ക്കുന്നതിനൊപ്പം ഹോളിവുഡിലും ഓസ്ട്രേലിയയിലും ഉടനീളം സഹകരിച്ചുള്ള ചലച്ചിത്ര നിർമ്മാണ അവസരങ്ങളിലേക്കും വ്യാപിച്ച് പ്രവർത്തിക്കുന്നുണ്ട്. റാഫേൽ ഫിലിം സിറ്റി ഏറ്റവും പുതിയ അത്യാധുനിക സാങ്കേതികവിദ്യ കൊണ്ടുവരുന്നതിനും അവ ഏവർക്കും ലഭ്യമാകുന്നതിനുമുള്ള പ്രക്രിയ നടപ്പാക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



വളർന്നുവരുന്ന പ്രതിഭകൾക്ക് സിനിമാ നിർമ്മാണത്തിന്റെ എല്ലാ മേഖലകളിലും പങ്കെടുക്കുന്നതിനു തയ്യാറാക്കാൻ സിജി പാർക്ക് സജ്ജമാണ്. പ്രഗത്ഭരായ യുവാക്കൾക്ക് അന്തർദേശീയവും പ്രാദേശികവുമായ പ്രോജക്ടുകളുടെ ഭാഗമാകുന്നതിന് മുമ്പൊരിക്കലും ലഭിക്കാത്ത അവസരവും പരിപോഷിപ്പിക്കുന്ന അന്തരീക്ഷവും വാഗ്ദാനം ചെയ്യുന്നു എന്നതാണ് സിജി പാർക്കിനെ വ്യത്യസ്തമാക്കുന്നത്. ജോലി ചെയ്യുന്ന സ്ഥലമെന്നതിനപ്പുറം, കഴിവുള്ളവർക്ക് അനുകൂലമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന് ഉതകുന്ന തരത്തിലാണ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചിരിക്കുന്നത്. വി എഫ് എക്സ്, സ്കെച്ചിംഗ്, കോഡിംഗ്, പോസ്റ്റ്പ്രൊഡക്ഷൻ, ആനിമേഷൻ, എആർ, വിആർ, എംആർ, ഗെയിമിംഗ് തുടങ്ങി സിനിമാ നിർമ്മാണത്തിന്റെ എല്ലാ മേഖലകളിലും വൈദഗ്ധ്യമുള്ള യുവാക്കൾക്ക് സിജി പാർക്കിന്റെ ഭാഗമാകാനും തത്സമയ പ്രോജക്റ്റുകൾ സ്വീകരിക്കാനും കഴിയും.

സിനിമാ കളർ ഗ്രേഡിംഗ്, റെക്കോർഡിംഗ് സൗകര്യം, മറ്റ് സാങ്കേതിക സംയോജിത പോസ്റ്റ്പ്രൊഡക്ഷൻ സൗകര്യങ്ങൾ എന്നിവയിലുടനീളം പ്രവർത്തിക്കാൻ സിജി പാർക്ക് 150 അംഗങ്ങൾക്ക് അവസരം നൽകും.

ക്രോമ ഫ്ലോർ, എഡിറ്റിംഗ് സ്യൂട്ടുകൾ, കണ്ടന്റ് ക്രിയേഷൻ സ്റ്റുഡിയോ, അത്യാധുനിക ഉപകരണങ്ങൾ വാടകയ്ക്കെടുക്കൽ എന്നിവപോലുള്ള സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെ ഫിലിം നിർമ്മാണത്തിനായി യഥാർത്ഥ കാമ്പസ് അനുഭവം ഒരുക്കുന്നു.

## ഗ്യാലക്സി എ06 5ജി അവതരിപ്പിച്ച് സാംസങ് ഇന്ത്യ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് ഗ്യാലക്സി എ06 5ജി പുറത്തിറക്കി. മിതമായ നിരക്കിൽ ദീർഘകാല ഈടും വിശ്വസനീയവുമായ പ്രകടനവുമാണ് ഗ്യാലക്സി എ06 5ജിയിലൂടെ സാംസങ് വാഗ്ദാനം ചെയ്യുന്നതെന്ന് സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് ജനറൽ മാനേജർ അക്ഷയ് എസ് റാവു പറഞ്ഞു.രാജ്യത്തെ എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും സാംസങ് എക്സ്ക്ലൂസീവ് സ്റ്റോറുകൾ അതുപോലെ മറ്റ് ഓഫ്ലൈൻ ചാനലുകളിലും ഗ്യാലക്സി എ06 5ജി ലഭ്യമായിത്തുടങ്ങി. 4ജി റാമും 64 ജിബി സ്റ്റോറേജുമുള്ള മോഡലിന് 10499 രൂപയാണ് പ്രാരംഭവില. ബ്ലാക്ക്, ഗ്രേ, ലൈറ്റ് ഗ്രീൻ എന്നീ നിറങ്ങളിൽ ഗ്യാലക്സി എ06 5ജി ലഭ്യമാണ്. സ്പെഷ്യൽ ലോഞ്ച് ഓഫറിലൂടെ ഒരു വർഷത്തെ സ്ക്രീൻ പ്രൊട്ടക്ഷൻ പ്ലാനും സാംസങ് കെയർ പാക്കേജും വെറും 129 രൂപയ്ക്ക് സ്വന്തമാക്കാം. ഗ്യാലക്സി എ06 5ജിയിൽ ഏറ്റവും മികച്ച 5ജി അനുഭവം ഉറപ്പാക്കുന്നതിനായി 12 5ജി ബാൻഡുകൾ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്നു. മികച്ച കണക്ടിവിറ്റിയും കരുത്താർന്ന പ്രകടനവും ഇതിലൂടെ ഉറപ്പാക്കാനാവുന്നു. ഏറ്റവും മികച്ച ടെക്നോളജി എല്ലാവർക്കും ലഭ്യമാകണമെന്ന ഞങ്ങളുടെ പ്രതിബദ്ധതയ്ക്ക് അടിവരയിടുകയാണ് ഈ മോഡലെന്നും അക്ഷയ് എസ് റാവു പറഞ്ഞു.

## മോഡി വേ ദി ന്യൂ വേ അവതരിപ്പിച്ച് മോഡികെയർ

**കൊച്ചി:** മോഡികെയർ മോഡി വേ ദി ന്യൂ വേ അവതരിപ്പിച്ചു. മോഡികെയറിൻറെ ഏറ്റവും മികച്ച പ്രകടനം നടത്തുന്ന പത്ത് വിപണികളിൽ ഒന്നാണ് കേരളം. ഉപഭോക്താക്കളുടെ ഉയർന്നുവരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായാണ് മോഡിവേ അവതരിപ്പിച്ചിരിക്കുന്നതെന്ന് മോഡികെയർ മാനേജിങ് ഡയറക്ടറും സ്ഥാപകനുമായ സമീർ കെ മോഡി പറഞ്ഞു.

ശരീര ഭാരം കുറക്കുകയും അതു തുടർന്നു കൈകാര്യം ചെയ്യുകയും സാധ്യമാക്കുന്ന ഷെയ്പ് ഷിഫ്റ്റ്, ചർമ്മ, കേശ പരിചരണത്തിനും അപ്പുറം നേട്ടങ്ങൾ നൽകുന്ന ഫോറസ്റ്റ് നെക്ടർ, ഭക്ഷണത്തിനു പുതിയ മാനങ്ങൾ നൽകുന്ന സോൾ ഷെഫ് തുടങ്ങിയവയാണ് വികസനത്തിൻറെ ഭാഗമായി മോഡികെയർ അവതരിപ്പിച്ചിട്ടുള്ളത്.നിലവിൽ കേരളത്തിൽ നിന്നു മോഡികെയറിന് അഞ്ചു കോടി രൂപയുടെ ബിസിനസാണുള്ളത്. വർഷാവസാനത്തോടെ ഇത് 25 കോടി രൂപയായി വർധിപ്പിക്കുകയാണ് ലക്ഷ്യം. എം ഫിറ്റ് ക്ലബ്ബ് അടക്കം നിരവധി പുതിയ നീക്കങ്ങൾ കേരളത്തിലെ ഉപഭോക്താക്കൾക്കായി നടപ്പാക്കാൻ മോഡികെയർ പദ്ധതിയിടുന്നുണ്ട്.

വർഷാവസാനത്തോടെ തങ്ങളുടെ ബിസിനസ് അഞ്ചു മടങ്ങാക്കി വർധിപ്പിക്കുയും 50,000ത്തോളം കുടുംബങ്ങളെ കേരളത്തിൽ മോഡികെയർ ഡയറക്ട് സെല്ലിങ് ശൃംഖലയിൽ പ്രതിവർഷം ഉൾപ്പെടുത്തുകയുമാണ് ഉദ്ദേശമെന്നും സമീർ കെ മോഡി പറഞ്ഞു.

## ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ബന്ധൻ മ്യൂചൽ ഫണ്ട് ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി. പുതിയ ഫണ്ട് ഓഫർ ഈ മാസം 25ന് അവസാനിക്കും.

നിഫ്റ്റി നെക്സ്റ്റ് 50 സൂചിക നിക്ഷേപകർക്ക് അവരുടെ ഉയർന്ന വളർച്ചാ ഘട്ടത്തിലുള്ള സുസ്ഥാപിതമായ കമ്പനികളിലേക്ക് പ്രവേശനം നൽകുന്നു. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ, ഈ സൂചികയിൽ നിന്നുള്ള 24 കമ്പനികൾ നിഫ്റ്റി 50 ലേക്ക് മാറി, ഭാവിയിലെ സാധ്യതയുള്ള മാർക്കറ്റ് ലീഡർമാർക്കുള്ള ഒരു ലോഞ്ച്പാഡായി ഇതിനെ ശക്തിപ്പെടുത്തിയെന്ന് ബന്ധൻ എഎംസിയുടെ സിഇഒ വിശാൽ കപൂർ പറഞ്ഞു. ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ടിലെ നിക്ഷേപം ലൈസൻസുള്ള മ്യൂചൽ ഫണ്ട് വിതരണക്കാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെയും നേരിട്ട് https://bandhanmutual.com/nfo/bandhannitfynext50indexfund/വഴിയും സബ്സ്ക്രൈബ് ചെയ്യാം.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽബിഎസ് സ്കിൽ സെന്ററുകളിൽ വളരെയധികം ജോലി സാധ്യത ഉള്ള ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ ആരംഭിക്കുന്നു. ക്ളാസ് റൂം പഠനം കൂടാതെ ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പോടു കൂടി നടത്തുന്ന ഈ കോഴ്സുകളിൽ പ്ലസ് ടു കാർക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന ഡിപ്ലോമ കോഴ്സും, ഡിഗ്രി കഴിഞ്ഞവർക്ക് ആറു മാസത്തെ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സിനും ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 6238553571 എന്ന നമ്പരുമായി ബന്ധപ്പെടേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ജയലക്ഷ്മി സിൽക്സിന്റെ ആറാമത് ഷോറൂം കൊച്ചിയിൽ തുറന്നു

**കൊച്ചി:** ജയലക്ഷ്മി സിൽക്സിന്റെ ആറാമത്തേയും കൊച്ചിയിലെ രണ്ടാമത്തേയും ഷോറൂം പാലാരിവട്ടം ബൈപ്പാസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

നല്ല മനസ്സോടെ ഏതൊരാൾക്കും കേരളത്തിൽ വന്ന് നിക്ഷേപം നടത്താമെന്നും അതിനു മികച്ച തെളിവാണ് ജയലക്ഷ്മി സിൽക്സിന്റെ വളർച്ചയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജയലക്ഷ്മി സിൽക്സിന്റെ ആറാമത്തേയും കൊച്ചിയിലെ രണ്ടാമത്തേയും ഷോറൂം പാലാരിവട്ടം ബൈപ്പാസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവർക്ക് വിജയം കൊയ്യാനാവും. കേരളത്തിന് പുറത്തു നിന്നും കേരളത്തെ കുറിച്ചു കേൾക്കുമ്പോൾ വലിയ ആവേശമുണ്ടാകുന്നത് പ്രകൃതി ഭംഗിയും ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരും മാത്രമല്ല ഏത് നിക്ഷേപകനും ആവശ്യമായ കാര്യങ്ങൾ നിർവഹിക്കാൻ പ്രാപ്തരായവർ ഉണ്ട് എന്നതു കൂടിയാണ് കാരണം. സ്ഥാപനങ്ങളോട് കൂറു പുലർത്തുകയും വിജയത്തിന് പരിശ്രമിക്കുകയും ചെയ്യുന്ന നല്ലൊരു വിഭാഗം ആളുകളെ കേരളത്തിൽ കണ്ടെത്താനാകുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിൽ എവിടെ ചെന്നാലും മികവിലും ബൗദ്ധികതയിലും മലയാളികൾ മുന്നിട്ടു നിൽക്കുന്നത് കാണാനാവും. പ്രധാനപ്പെട്ട പല ഇടങ്ങളിലും മലയാളികളുണ്ടാവുന്നത് ഇക്കാരണത്താലാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ജയലക്ഷ്മിയിൽ ജോലി ചെയ്യുന്നവരിൽ 80 ശതമാനത്തിലധികം വനിതകളാണ് എന്നത് സ്ത്രീ ശാക്തീകരണത്തിനും സ്വയം പര്യാപ്തതയ്ക്കും വലിയ സംഭാവനകളാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാം നിലയിലെ ബ്രൈഡൽ മണ്ഡപം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതികൾ നിയന്ത്രിക്കുന്നത് മാർക്കറ്റുകളാണെന്നും അവിടം സ്ത്രീ ശാക്തീകരണത്തിന് കൂടി വഴിയൊരുക്കിയതിൽ ജയലക്ഷ്മിക്ക് വലിയ പങ്കുണ്ടെന്നും കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. എറണാകുളത്തിന്റെ അടയാളങ്ങളിലൊന്നായി നീണ്ട കാലമായി മുമ്പോട്ടു പോകുന്ന ജയലക്ഷ്മി മികച്ച ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നൽകിയാണ് വിജയം നേടിയതെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. ഇന്ത്യൻ നെയ്ത്ത് കലയുടെ മനോഹാരിത സംഗമിക്കുന്ന പുതിയ ഷോറൂമിൽ പരമ്പരാഗതവും ആധുനികവുമായ വസ്ത്രവൈവിധ്യത്തിന്റെ മികച്ച ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. ഉപഭോക്താക്കൾക്കും ഫാഷൻ ആസ്വാദകർക്കും സാരി പ്രേമികൾക്കും മികച്ച ഷോപ്പിംഗ് കേന്ദ്രമായിരിക്കും പുതിയ ജയലക്ഷ്മിയെന്ന് ജയലക്ഷ്മി മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് കമ്മത്ത് പറഞ്ഞു. സാരികൾ മാത്രമല്ല, പുരുഷന്മാരുടേയും കുട്ടികളുടേയും വസ്ത്രങ്ങളും ഇവിടെ ലഭ്യമാകും. കുടുംബത്തിലെ ഏവർക്കുമൊരുക്കിയ സമ്പൂർണ്ണ ഷോപ്പിംഗ് അനുഭവം നൽകുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എം എൽ എ, വാർഡ് കൗൺസിലർ രതീഷ്, ഡയറക്ടർമാരായ നാരായണ കമ്മത്ത്, സതീഷ് കമ്മത്ത്, സുജിത്ത് കമ്മത്ത്, അഭിഷേക് കമ്മത്ത് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



## പ്രിന്റിംഗ് മേഖല നേരിടുന്നത് കനത്ത വെല്ലുവിളി: സതീഷ് മൽഹോത്ര

**കൊച്ചി :**അവിശ്വസനീയമായ മാറ്റങ്ങൾക്കാണ് ലോകം സാക്ഷ്യം വഹിക്കുന്നതെന്നും പ്രിന്റിംഗ് മേഖലയിൽ വിപ്ളവകരമായ മാറ്റങ്ങളാണ് വരുന്നതെന്നും ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് ദേശീയ പ്രസിഡന്റ് സതീഷ് മൽഹോത്ര. പ്രിന്റിംഗ് മേഖല അതിവേഗം മാറ്റങ്ങൾക്ക് വിധേയമാകുന്നതിനനുസരിച്ച് വെല്ലുവിളികളും വർധിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച പ്രിന്റ് ആൻഡ് ബിയോണ്ഡ് സെമിനാർ ഒൻപതാം എഡിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രിന്റിംഗ് സാങ്കേതിക വിദ്യ വികസനത്തിന് വിധേയമാക്കുന്നുണ്ട്. പുതിയ സാങ്കേതിക വിദ്യകൾക്കനുസരിച്ച് വൈദഗ്ധ്യവും മെച്ചപ്പെടുത്തേണ്ടതുണ്ട്. യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കണം. സുസ്ഥിര പ്രിന്റിംഗ് രീതികൾ പിന്തുടരുകയും ഇക്കോ പ്രിന്റിംഗ് രീതികൾ നടപ്പാക്കുകയും വേണം. ന്യൂഡൽഹിയിലെ പ്രിന്റേഴ്സ് ഭവൻ ട്രെയിനിംഗ് ആൻഡ് സ്കിൽ സെന്ററാക്കി മാറ്റുമെന്നും സതീഷ് മൽഹോത്ര പറഞ്ഞു.

എഡൽമൻ ഗ്രൂപ്പ് ഗ്ലോബൽ സിഇഒ ഡോ.ഫ്രാങ്ക് ഹോനങ്ങ് മുഖ്യ പ്രഭാഷണം നടത്തി. ദീർഘകാല ലക്ഷ്യവുമായി മുന്നേറിയാൽ മാത്രമേ ബിസിനസിൽ പുരോഗതിയുണ്ടാകു എന്ന് അദ്ദേഹം പറഞ്ഞു. പ്രതിസന്ധികളിൽ തളരാൻ പാടില്ലെന്നും ലോകത്തുണ്ടാകുന്ന സാങ്കേതിക പുരോഗതികളെ കുറിച്ച് എപ്പോഴും അപ്ഡേറ്റായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. രാജു എൻ കുട്ടി ആമുഖ പ്രസംഗം നടത്തി.കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ (കെ എംപി എ ) പ്രസിഡന്റ് ലൂയി ഫ്രാൻസിസ്, പീറ്റർ അനിൽ റെഗോ, അനിൽ നാമഗുഡെ, ആയുഷ് ജെയിൻ, രാമു രാമനാഥൻ, കെ എം പി എ സെക്രട്ടറി മൻമോഹൻ ഷേണായ്, ട്രഷറർ ഷാജി മാഞ്ഞൂരാൻ എന്നിവർ പ്രസംഗിച്ചു.

## സജ്ജൻ ജിൻഡാലിന് ബിസിനസ് ലീഡർ ഓഫ് ദ ഡെക്കേഡ് അവാർഡ്



**കൊച്ചി:** എഐഎംഎ മാനേജിംഗ് ഇന്ത്യ അവാർഡിൽ ജെഎസ്ഡബ്ല്യു ഗ്രൂപ്പ് ചെയർമാൻ സജ്ജൻ ജിൻഡാൽ 'ബിസിനസ് ലീഡർ ഓഫ് ദ ഡെക്കേഡ്' പുരസ്കാരം നേടി. ചടങ്ങിൽ മുഖ്യാതിഥിയായ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ, വിശിഷ്ടാതിഥി വാണിജ്യവ്യവസായ, ഇലക്ട്രോണിക്സ് & ഐടി സഹമന്ത്രിയായ ജിതിൻ പ്രസാദ എന്നിവരുടെ സാന്നിധ്യത്തിൽ ജിൻഡാലിന് പുരസ്കാരം സമ്മാനിച്ചു. പുരസ്കാര വിവരണം കെപിഎംജി ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യെസ്ദി നാഗ്പോർവാല വായിച്ചു.

ഇന്ത്യയുടെ അടിസ്ഥാന സൗകര്യ നവീകരണ പദ്ധതികളുമായി ജെഎസ്ഡബ്ല്യു ഗ്രൂപ്പിനെ യോജിപ്പിക്കുന്നതിൽ ജിൻഡാലിൻറെ സുപ്രധാന പങ്കിനുള്ള അംഗീകാരമാണ് ഈ അവാർഡ്. അദ്ദേഹത്തിൻറെ നേതൃത്വത്തിൽ ജെഎസ്ഡബ്ല്യു ഇന്ത്യയിലെ തുറമുഖ മേഖലയിലെ രണ്ടാമത്തെ വലിയ സ്വകാര്യ കമ്പനിയായി വളർന്നു.

